
KERALA CATHOLIC BISHOP'S COUNCIL'S
COMMISSION FOR SOCIAL HARMONY AND VIGILANCE

# JAGRATHA NEWS

226th Isssue
Aug-Sept 2012



Chairman
**Bp. Mar Thomas Chakiath**

Vice Chairmen
**Bp. Joushua Mar Ignathios**
**&**
**Bp. Dr. Vincent Samuel**

Secretary
**Fr. Josey Ponnambal MSFS**

**Pastoral Orientation Centre,**
Palarivattom, Kochi - 25
Phone: +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcsocialharmony.org
Blog: jagrathakcbc.blogspot.com

## ജാഗ്രത

### പ്രധാന വാർത്തകൾ

3 കേരളത്തിൽ വൃദ്ധരുടെ ആത്മഹത്യ പെരുകുന്നു

4 മാഫിയകളുടെ കൈകളിൽ മയക്കുമരുന്ന് തിരിച്ചെത്തുന്നുണ്ടോ?

സർക്കാരിന്റെ മദ്യാസക്തി

7 മരണം വിളമ്പുന്ന ഭക്ഷണശാലകൾ

8 കുടുംബം നേരിടുന്ന വെല്ലുവിളികൾ

9 സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ തലസ്ഥാന ജില്ല ഒന്നാമത്

12 നിയമം നോക്കുകുത്തി; എറണാകുളത്ത് അനധികൃത സ്കാനിങ് സെന്ററുകളും ലിംഗനിർണയവും

13 കാരുണ്യത്തിന്റെ പിതാവു പടിയിറങ്ങുന്നു

14 ഏക ജാലകത്തിന്റെ ജാലവിദ്യകൾ

# അംഗീകാരമല്ല: സത്യവും നീതിയുമാണ് ക്രൈസ്ത്യാനികളുടെ മുഖമുദ്ര

– മാർപാപ്പാ



അധികാരികൾ കേൾക്കുവാൻ ഇഷ്ടപ്പെടുന്നതോ, പൊതുജനത്തെ സന്തോഷിപ്പിക്കുകയും ആവേശം കൊള്ളിക്കുകയും ചെയ്യുന്ന കാര്യങ്ങളോ അല്ല ക്രസ്ത്യാനികൾ പ്രഘോഷിക്കേണ്ടത്, മറിച്ച് സത്യവും നീതിയുമാണ്. ക്രൈസ്തവരുടെ പ്രഘോഷണത്തിന്റെ മാനദണ്ഡം എല്ലായ്പ്പോഴും സത്യവും നീതിയുമാകണം. അതു ചിലപ്പോൾ കയ്യടി നേടിത്തന്നുവെന്നിരിക്കില്ലെന്നും പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ. കാസ്റ്റൽ ഗൊണ്ടോൾഫോയിൽ നിന്ന് ഏകദേശം അഞ്ചു മൈൽ അകലെ ഫ്രസ്കാത്തി നഗരത്തിലെ സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ദേവാലയത്തിൽ ദിവ്യബലിമധ്യേ പ്രസംഗിക്കുകയായിരുന്നു പരിശുദ്ധ പിതാവ്. അംഗികാരം ലഭിക്കുന്നതോ, എല്ലാവരും സന്തോഷത്തോടെ സ്വീകരിക്കുന്നതോ അല്ല ക്രിസ്ത്യാനിയുടെ വചനപ്രഘോഷണത്തിന്റെ അടയാളം. ദൈവം അംഗികരിക്കുന്ന സത്യത്തിന്റെയും നീതിയുടെയും ചുവയാണത്. സത്യത്തെയും നീതിയെയും മുറുകെപ്പിടിക്കുന്നില്ലെങ്കിൽ ലോകം മുഴുവൻ പുകഴ്ത്തിയാലും ക്രിസ്ത്യാനിയുടെ പ്രഘോഷണം യഥാർത്ഥ സുവിശേഷപ്രഘോഷണമാകുന്നില്ല. ഫ്രസ്കാത്തി രൂപതയുടെ മെത്രാൻ റഫേലോ മർത്തിനെല്ലി പാപ്പായൊടൊപ്പം വിശ്വാസതിരുസംഘത്തിൽ സേവനമനുഷ്ഠിച്ച വ്യക്തിയാണ്. തന്റെ സുഹൃത്തനോടുള്ള സ്നേഹം പ്രകടിപ്പിച്ച പാപ്പാ കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിന്റെ നിർമ്മാണത്തിൽ അദ്ദേഹം വഹിച്ച പങ്ക് എടുത്തുപറയുകയും ചെയ്തു. രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങിയതിന്റെ അമ്പതാം വാർഷികം ആഘോഷിക്കുമ്പോൾ എല്ലാവരും കൗൺസിൽ പ്രമാണ രേഖ വായിക്കുന്നത് നല്ലതാണെന്നും പാപ്പാ പറഞ്ഞു. കത്തോലിക്കാ വിശ്വാസത്തിന്റെ ആഴവും സൗന്ദര്യവും അതിൽ മറഞ്ഞിരിക്കുന്നുണ്ട്. ലോകം മുഴുവനെയും സുവിശേഷമറിയിക്കുന്നതിനായി നമ്മെ ദൈവം പ്രത്യേകമായി വിളിക്കുന്ന സ്വരം കേൾക്കുവാൻ അതിലൂടെ നമുക്ക് സാധിക്കും. പാപ്പാ കൂട്ടിച്ചേർത്തു.

Solutions

Professional SOLUTIONS

Trancs Square Building,
Kakkanad, Ernakulam,
Kerala, Kochi- 682 030

Toney Cherian
+91 9633336318
+91 8129169999
e-mail: cheriantoney@yahoo.co.in

Our Services

Real Estate Business
All Kinds of Commercial and Residential Properties

Used Cars
All Premium Cars

Banking Services
Loans, Insurance & Securities

Software Solutions
Accounting, Web & ERP

JAGRATHA News

"Jagratha News" - An internet news service is free and for private circulation
Web: www.kcbcsocialharmony.org Blog: jagrathakcbc.blogspot.com
Designed and Edited by , Secretary,
KCBC Commission for Social Harmony and Vigilance,
P.O.C, P.B. No.2251, Palarivattom, Kochi-25, INDIA

# കേരളത്തിൽ വൃദ്ധരുടെ ആത്മഹത്യ പെരുകുന്നു



രാജ്യത്തു വയോജനങ്ങൾ ഏറ്റവും കൂടുതൽ ആത്മഹത്യ ചെയ്യുന്ന സംസ്ഥാനമായി കേരളം മാറിയെന്നു കണക്കുകൾ. ദേശീയ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 60 വയസിനുമേൽ പ്രായമുള്ളവരുടെ ആത്മഹത്യാ നിരക്കിൽ വൻവർധനയാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. കഴിഞ്ഞവർഷം 60 വയസിനു മേൽ പ്രായമുള്ള 1147 പുരുഷന്മാരും 390 സ്ത്രീകളും അടക്കം 1537 പേരാണ് സംസ്ഥാനത്ത് ആത്മഹത്യ ചെയ്തത്. ഈ പ്രായത്തിൽ ആത്മഹത്യ ചെയ്യുന്നവരുടെ ദേശീയ ശരാശരി അനുസരിച്ച് 18.2 ശതമാനം പേരും കേരളത്തിലാണ്. കഴിഞ്ഞവർഷം വയോജനങ്ങൾക്കിടയിലെ ആത്മഹത്യ മഹാരാഷ്ട്രയിൽ 1351, തമിഴ്നാട്ടിൽ 1419, പശ്ചിമ ബംഗാളിൽ 1141 എന്നിങ്ങനെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ജനസംഖ്യഅനുപാതത്തിൽ കേരളത്തിലെ നിരക്ക് വളരെ കൂടുതലാണ്.


കേരളത്തിൽ കഴിഞ്ഞവർഷം 8431 ആത്മഹത്യകളാണു റിപ്പോർട്ടു ചെയ്തിട്ടുള്ളത്. ജില്ലാ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കൊല്ലത്താണ് 45-59നും ഇടയിൽ പ്രായമുള്ള 2209 പുരുഷന്മാരും 875 സ്ത്രീകളും അടക്കം 2974 പേർ കഴിഞ്ഞവർഷം കേരളത്തിൽ ജീവനൊടുക്കി. പശ്ചിമബംഗാളിൽ 3457 പേരും ആന്ധ്രയിൽ 3373 പേരും തമിഴ്നാട്ടിൽ 3231 പേരും കർണാടകത്തിൽ 2974 പേരും മഹാരാഷ്ട്രയിൽ 2883 പേരും ഈ വിഭാഗത്തിൽ ആത്മഹത്യ ചെയ്തിട്ടുണ്ടെങ്കിലും ശരാശരി അനുസരിച്ച് കേരളത്തിലാണ് ഏറ്റവും കൂടുതൽ. മറ്റു സംസ്ഥാനങ്ങളിൽ ഇത് 20 ശതമാനത്തിന് താഴെയാണെങ്കിൽ കേരളത്തിലിത് 32.7 ശതമാനമാണ്.

30-44 പ്രായക്കാരിൽ കഴിഞ്ഞവർഷം 2560 പേരും 15-29 പ്രായക്കാരിൽ 1515 പേരും 14 വയസു വരെയുള്ള 65 പേരും കഴിഞ്ഞവർഷം കേരളത്തിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്.

കൂട്ടആത്മഹത്യകളുടെ കാര്യത്തിലും രാജസ്ഥാനും ആന്ധ്രയും കഴിഞ്ഞാൽ കേരളമാണു മുന്നിൽ. രാജ്യത്ത് ആത്മഹത്യക്ക് ഏറ്റവുമധികം കാരണമായി ചൂണ്ടിക്കാട്ടുന്നത് കുടുംബപ്രശ്നങ്ങളാണ്. വിവിധ തരത്തിലുള്ള രോഗങ്ങൾ മൂലം 26,570 പേരും അജ്ഞാതമായ കാരണങ്ങളാൽ 23,024 പേരും തൊഴിലില്ലായ്മ മൂലം 2333 പേരും ആത്മഹത്യ ചെയ്തതായി കണക്കുകൾ പറയുന്നു.

## താളം തെറ്റാതെ ജിവിതം നയിക്കുന്നവരാകണം കെ.സി.എസ്.എൽ അംഗങ്ങളെന്നു മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

ജീവിത വഴിയിലെ പാട്ടു മറന്നുപോയാലും, താളം തെറ്റാതെ ജീവിതം നയിക്കുന്നവരാകണം കെ.സി.എസ്.എൽ അംഗങ്ങളെന്നു ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്. കെ.സി.എസ്.എൽ എറണാകുളം-അങ്കമാലി അതിരൂപതാ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജീവിതത്തിലെ ഏതു പ്രതിസന്ധിയും തരണം ചെയ്യാനുള്ള കരുത്തും ആത്മീയശക്തിയും ഇത്തരത്തിലുള്ള സംഘടനകളിലൂടെയാണു നേടാനാകുന്നതെന്നും അദ്ദേഹം പറഞ്ഞു.



# മരുന്നുപരീക്ഷണത്തിന് മനുഷ്യ ഇരകൾ

രാജ്യത്തെ നിരക്ഷരരും നിർധനരും നിരാലംബരുമായവരെ മരുന്നുപരീക്ഷണത്തിന് ഇരകളാക്കുന്നുവെന്ന വാർത്ത ഞെട്ടലോടെയാണു പൊതുസമൂഹം കേൾക്കുന്നത്. അവശരും ആലംബഹീനരുമായവരെ അവരുടെ അറിവോ സമ്മതമോ കൂടാതെ മരുന്നു പരീക്ഷണങ്ങൾക്കു വിധേയരാക്കുന്നതിനെതിരേ സുപ്രീം കോടതിയിൽ വന്ന പൊതുതാത്പര്യഹർജിയിൽ പറയുന്ന വസ്തുതകൾ വിശ്വസിക്കാൻപോലും വയ്യാത്തത്ര ഉത്കണ്ഠ ഉളവാക്കുന്നതാണ്. മനുഷ്യരെ ഗിനിപ്പന്നികളെപ്പോലെ കൈകാര്യം ചെയ്യുന്ന ഈ കാടത്തത്തിനും കച്ചവടമനോഭാവത്തിനുമെതിരേ ഇന്ത്യയുടെ പരമോന്നത നീതിപീഠം വളരെ കർശനമായ നിലപാടു സ്വീകരിച്ചിരിക്കുന്നതു മാത്രമാണ്. പൊതുസമൂഹത്തിനുള്ള ആശ്വാസഘടകം.

മധ്യപ്രദേശ് സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര മേഖലകളിലും ഇത്തരത്തിലുള്ള അനധികൃതവും അശാസ്ത്രീയവുമായ മരുന്നുപരീക്ഷണങ്ങൾ നടക്കുന്നുണ്ടെന്നാണ് ഒരു സംഘം ഡോക്ടർമാരും സർക്കാർ ഇതര സംഘടനയും സുപ്രീംകോടതിയിൽ നൽകിയ രണ്ടു പൊതുതാൽപര്യ ഹർജികളിൽ ആരോപിക്കുന്നത്. സദാചാരത്തിനും സാമാന്യമര്യാദയ്ക്കും ചേരാത്ത ഇത്തരം നിയമവിരുദ്ധ പരീക്ഷണങ്ങൾ സംബന്ധിച്ച പൊതുതാത്പര്യ ഹർജികളിൽ

അക്കമിട്ടുനിരത്തുന്ന വസ്തുതകൾ ഞെട്ടിപ്പിക്കുന്നതാണ്. കൊച്ചുകുട്ടികൾ, ഗിരിവർഗക്കാർ, ദളിതർ തുടങ്ങിയവരാണ് മരുന്നുപരീക്ഷണം നടത്തുന്ന ബഹുരാഷ്ട്ര കുത്തകകളുടെ ഇരകൾ. മനുഷ്യരുടെ ദാരിദ്ര്യവും അജ്ഞതയും ചൂഷണം ചെയ്തുകൊണ്ടുള്ളതാണ് ഈ മരണക്കളി.

മധ്യപ്രദേശിലെ ഇൻഡോറിൽ മാത്രം നാൽപതോളം സ്വകാര്യ ഡോക്ടർമാരും പത്തോളം സർക്കാർ ഡോക്ടർമാർമാരും ബഹുരാഷ്ട്ര കുത്തകകളുടെ മരുന്നു കമ്പനികളിൽനിന്നു വൻതോതിൽ പണംപറ്റി പാവങ്ങളെ മരുന്നുപരീക്ഷണത്തിനു വിധേയരാക്കുന്നു. മൂവായിരത്തി മുന്നൂറിലധികം നിരക്ഷരരാണ് ഇൻഡോറിൽ മരുന്നു പരീക്ഷണത്തിനു വിധേയരായത്. ഇവരിൽ 233 മനോരോഗികളും രണ്ടായിരത്തോളം കൗമാരക്കാരും പെടുന്നു. മരുന്നുപരീക്ഷണങ്ങളെത്തുടർന്ന് 2008 ൽ 288 പേരും 2009ൽ 637 പേരും 2010 ൽ 597 പേരുമാണ് മരണത്തിനു കീഴടങ്ങിയത്. 2009ൽ മാത്രം നിയമവിരുദ്ധമായ മരുന്നുപരീക്ഷണങ്ങൾ നടത്തിക്കൊടുത്തതിനു സർക്കാർ ഡോക്ടർമാർ കീശയിലാക്കിയത് അഞ്ചരക്കോടി രൂപ. ഒരാളുടെ അറിവോ സമ്മതമോ ഇല്ലാതെ അയാളെ മരുന്നുപരീക്ഷണത്തിനു വിധേയമാക്കുന്നതു മനുഷ്യാവകാശ ലംഘനവും നിയമവിരുദ്ധവുമാണ് പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തെ പരമാവധി ചൂഷണം ചെയ്യുന്ന ഈ അധമസംസ്കാരം വൈദ്യശാസ്ത്രം ഉയർത്തിപ്പിടിക്കുന്ന സദാചാരമൂല്യങ്ങൾക്കു കടകവിരുദ്ധമാണ്.

## മാഫിയകളുടെ കൈകളിൽ മയക്കുമരുന്ന് തിരിച്ചെത്തുന്നുണ്ടോ?

ലക്ഷങ്ങളോ കോടികളോ വിലവരുന്ന മയക്കുമരുന്ന് പോലീസോ മറ്റു അന്വേഷണ ഏജൻസികളോ പിടിച്ചെടുത്തശേഷവും അവ മയക്കുമരുന്ന് മാഫിയകളുടെ കൈകളിൽ തിരിച്ചെത്തുന്നുണ്ടോ? ദേശീയ അടിസ്ഥാനത്തിൽമാഫിയയ്ക്ക് വേരുകളുണ്ട്. അതിനാലാണ് ഈ ചോദ്യം സുപ്രീം കോടതി തൊടുത്തുവിട്ടത്.

മയക്കുമരുന്ന് കേസുകൾ വിചാരണയ്ക്കെത്തുമ്പോൾ സാമ്പിൾമാത്രം കോടതിയിൽ സൂക്ഷിച്ചാൽ മതി. ബാക്കിയുള്ളവ ചട്ടപ്രകാരം നശിപ്പിക്കണം എന്നാണ് വ്യവസ്ഥ.

എന്നാൽ, പല സംസ്ഥാനങ്ങളിലും ഉദ്യോഗസ്ഥരുടെ ഒത്താശയോടെമാഫിയ സംഘങ്ങൾ പ്രവർത്തിക്കുന്നു. ബാക്കിയുള്ളവ അവർ വിറ്റ് ലക്ഷങ്ങളോ കോടികളോ അനായാസം കൊയ്തെടുക്കുന്നുവെന്നാണ് ആരോപണം.

മയക്കുമരുന്നിന് എതിരെ ശക്തമായ വേട്ട സർക്കാർ നടത്തുമ്പോൾ ഇങ്ങനെയൊരു വിപത്തുകൂടി വൻ ശൃംഖലയായി രൂപാന്തരപ്പെടുന്നത് ഞെട്ടിപ്പിക്കുന്ന സ്ഥിതിവിശേഷമാണെന്ന് സുപ്രീം കോടതി പറഞ്ഞു. ഒരു പ്രതിയെ വെറുതെവിട്ട മധ്യപ്രദേശ് ഹൈക്കോടതി വിധിക്കെതിരെ കേന്ദ്ര സർക്കാർ നൽകിയ അപ്പീൽ പരിഗണിച്ചപ്പോഴാണ് ഈ അടിയൊഴുക്കുകൾ കോടതി ശ്രദ്ധിച്ചത്. സാമ്പിൾ ഒഴിച്ച് ബാക്കി നശിപ്പിക്കണമെന്ന കേന്ദ്ര സർക്കാറിന്റെ ഉത്തരവുകൾ കാറ്റിൽ പ്പറത്തുന്ന ശക്തികളെക്കുറിച്ചാണ് കേന്ദ്ര സർക്കാരിന്റെ അഭിഭാഷകൻ കോടതിയെ അറിയിച്ചത്.

കേന്ദ്രം നിർദേശിച്ചിരിക്കുന്നതു പോലുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട അധികൃതർ പാലിക്കുന്നുണ്ടോ? ഉണ്ടെന്ന് തോന്നുന്നില്ലെന്ന് കോടതി പറഞ്ഞു. മയക്കുമരുന്ന് തിരിച്ചു വൻശക്തികളുടെ കൈകളിൽ എത്തുന്നത് വലിയ സാമൂഹിക വിപത്താണെന്ന് കോടതി ചൂണ്ടിക്കാട്ടി. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും മയക്കുമരുന്ന് സാമൂഹിക വിപത്തായി മാറിക്കഴിഞ്ഞു. യുവാക്കളാണ് ഇതിന് അടിമപ്പെട്ടു പോകുന്നത് - സുപ്രീംകോടതി പറഞ്ഞു സാമ്പിൾ ഒഴിച്ച് ബാക്കി മയക്കുമരുന്ന് ഒരു കാരണവശാലും മറ്റാരുടെയും കൈകളിൽ എത്തരുതെന്നു സർക്കാർ ഉറപ്പുവരുത്തണമെന്ന് കോടതി ഉത്തരവിട്ടു.

## സർക്കാരിന്റെ മദ്യാസക്തി



പ്രായഭേദമെന്യേ കേരളീയർ ഒരു ദിവസം കുടിച്ചു തീർക്കുന്ന മദ്യത്തിന്റെ വില 20 കോടി രൂപയിൽപ്പരം ആണെന്നാണ് കണക്ക്. അതായത് ഒരുവർഷം ഏകദേശം 7300 കോടിരൂപയിൽപ്പരം വിലവരുന്ന മദ്യം കേരളീയർ വയറ്റിനകത്താക്കുന്നുവെന്ന്! ഓണം, ക്രിസ്തുമസ് എന്നീ പുണ്യദിവസങ്ങളിൽ കുടിച്ചു തീർക്കുന്ന മദ്യത്തിന്റെ വില കണക്കിലെടുത്താൽ മദ്യവിൽപ്പന തുക ഇനിയും ഏറെ വർധിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ/സർക്കാരേതര എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകർ എന്നിവർക്ക് നൽകേണ്ട ശമ്പളം, പെൻഷൻ എന്നീ ചെലവുകളുടെ നല്ലൊരു പങ്കു വഹിക്കുന്നത് കേരളീയരുടെ മദ്യാസക്തിയിൽനിന്നും പിരിച്ചെടുക്കുന്ന നികുതിയാണ്. മദ്യാസക്തി വർധിക്കുന്തോറും കൂടുതൽ പൊൻമുട്ടയിടുന്ന താറാവുകളെ യാതൊരു കഷ്ടപ്പാടുമില്ലാതെ സർക്കാരിന് ലഭിക്കുകയാണ്.

കേരളീയരുടെ മദ്യാസക്തി കുറയ്ക്കുവാനുള്ള വഴികളില്ലേ? ഉണ്ട് ധാരാളമുണ്ട്. എന്നാൽ പല കാരണങ്ങളാൽ ഈ വഴികൾ ജനഹിതനേതാക്കൾ പ്രയോജനപ്പെടുത്തുന്നില്ല. സാധാരണ പൊതുജനങ്ങളെ മദ്യാസക്തിയിൽനിന്നും മുക്തമാക്കേണ്ടത് തങ്ങളുടെ കടമയാണെന്ന് മനസ്സിലാക്കിക്കൊണ്ട് സ്ത്രീജനങ്ങളടക്കമുള്ള വിദ്യാഭ്യാസത്തിൽ മുൻപന്തിയിലുള്ള സത്സ്വഭാവികളും സമൂഹ ഉന്നമനത്തിന് സേവനം ചെയ്യുവാൻ താത്പര്യമുള്ളവരും കാര്യമായി മുന്നോട്ട് വരേണ്ടിയിരിക്കുന്നു. അവരുടെ ശ്രമം തുടർച്ചയുള്ളതായിരിക്കണം. അവർ ഇടയ്ക്ക് വിശ്രമിക്കരുത് എന്നുമാത്രം.

# പച്ചയായ പുൽത്തകിടിയിലേക്ക്



## പരിസ്ഥിതി സംരക്ഷണത്തിൽ സഭയുടെ പ്രതിജ്ഞയും പ്രതിബദ്ധതയും

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെസിബിസി

**ആ**ഗോളതലത്തിൽ ജൂൺ 5-ാം തീയതി പരിസ്ഥിതിദിനമായി ആചരിക്കുകയാണല്ലോ. ഈ വർഷത്തെ പരിസ്ഥിതിദിനത്തിൽ കേരളകത്തോലിക്കാസഭ പരിസ്ഥിതിസംരക്ഷണത്തിന്റെ അനന്യതയും അനിവാര്യതയും ഉറക്കെ പ്രഖ്യാപിക്കുകയാണ്. കേരളത്തിലെ സഭാപിതാക്കന്മാർ ഇന്ന് കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയത്തിൽ ഒരുമിച്ച് കൂടുകയും പരിസ്ഥിതി സംരക്ഷണത്തിൽ സംഘാതമായ ഒരു മുന്നേറ്റത്തിന് കേരളത്തെയും കേരള ജനതയെയും സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ പ്രതീകാത്മകമായി 50 ഔഷധവൃക്ഷത്തൈകൾ 50 യുവജനങ്ങൾക്ക് കൈമാറുകയുമാണ്. ഈ അസുലഭാവസരത്തിൽ കേന്ദ്ര പ്രവാസികാര്യ മന്ത്രി വയലാർ രവിയും, സംസ്ഥാനമന്ത്രിമാരും, ജനപ്രതിനിധികളും, സാംസ്കാരിക രംഗത്തെ കുലപതിമാരും സഭയുടെ ഈ പരിസ്ഥിതി സംരക്ഷണ മുന്നേറ്റത്തെ രാജ്യത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കുകയാണ്. പരിസ്ഥിതി സംരക്ഷണ ചിന്തകളും പരിപാടികളും കേവലം ആണ്ടുവട്ടത്തിലെ ഒരു ദിവസത്തെ പരിപാടിയാക്കി മാറ്റാതെ ദിനംതോറും പിന്തുടരേണ്ട വൈയക്തികവും സംഘാതാത്മകവുമായ ഒരു ചര്യയാക്കി മാറ്റാൻ കത്തോലിക്കാസഭ ലക്ഷ്യമിടുകയാണ്.

കേരളകത്തോലിക്കാ മെത്രാൻസംഘം പരിസ്ഥിതി സംരക്ഷണത്തിനായി പ്രത്യേകം കമ്മീഷൻ സ്ഥാപിക്കുകയും ഈ കമ്മീഷന്റെ ഒരു വർഷം നീണ്ട പഠനപരിചിന്തനഫലമായി ***പച്ചയായ പുൽത്തകിടിയിലേക്ക്*** എന്ന നയരേഖയിലൂടെ ഇന്നത്തെ കാലഘട്ടത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് പരിസ്ഥിതി ശുശ്രൂഷയിലൂടെ പുതിയ ഒരു സംസ്കാരം സംസ്ഥാനത്തു നടപ്പിലാക്കാൻ ലക്ഷ്യമിടുകയാണ്. പരിസ്ഥിതി നാശത്തിന്റെ ഭയപ്പെടുത്തുന്ന അടയാളങ്ങൾ നമ്മെ വലയം ചെയ്യുന്നുണ്ട്. ഹരിതവാതകങ്ങളുടെ ഉയർന്ന സാന്നിദ്ധ്യംമൂലം വർദ്ധിച്ചുവരുന്ന അന്തരീക്ഷതാപനില, മലിനമായിക്കൊണ്ടിരിക്കുന്ന പുഴകളും തടാകങ്ങളും, ശുദ്ധജലദൗർലഭ്യം, വിഷമയമായ കാർഷികവിളകൾ, മാലിന്യം നിറയുന്ന നഗരങ്ങൾ, വംശനാശം വന്നുകൊണ്ടിരിക്കുന്ന ജീവജാലങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങളുടെ ഫലമായി വർദ്ധിച്ചുവരുന്ന രോഗങ്ങൾ എന്നീ പ്രശ്നങ്ങളെക്കുറിച്ച് പ്രസ്തുത നയരേഖയിൽ പിതാക്കന്മാർ ഉത്കണ്ഠ പ്രകടിപ്പിക്കുന്നു. കാരണം പരിസ്ഥിതി പ്രശ്നം കേവലം ഒരു ജൈവപ്രശ്നം മാത്രമല്ല മറിച്ച് അതൊരു ധാർമ്മികപ്രശ്നവും ആത്മീയ വിഷയവുമാണ്.

പരിസ്ഥിതി സംരക്ഷണം ദൈവവിശ്വാസത്തിന്റെ ഭാഗമായികണ്ടുകൊണ്ടാണ് കേരളകത്തോലിക്കാമെത്രാൻ സമിതി പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി നയരേഖയും പ്രവർത്തനപദ്ധതിയും പ്രസിദ്ധീകരിച്ചത്. മനോഹരമായ പ്രപഞ്ചം മനുഷ്യന് ദൈവത്തിന്റെ വരദാനമാണ്. ഭൂമിയും അതിലെ സമസ്തവസ്തുക്കളും ഭൂതലവും അതിലെ നിവാസികളും കർത്താവിന്റേതാണ് (സങ്കീ 24:1). പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു. പ്രശാന്തമായ ജലാശയത്തിലേക്ക് അവിടന്ന് എന്നെ നയിക്കുന്നു (സങ്കീ 23:2). പച്ചയായ പുൽത്തകിടിയും പ്രശാന്തമായ ജലാശയവും ദൈവത്തിന്റെ ദാനമാണ്. സമൃദ്ധമായ സൃഷ്ടപ്രപഞ്ചത്തെ സ്വാർത്ഥതയോടെ ഉപയോഗിച്ച മനുഷ്യന് പ്രശാന്തമായ പ്രപഞ്ചം ഇന്ന് ഒരു സ്വപ്നമായിത്തീർന്നിരിക്കുന്നു. പ്രകൃതിനാശത്തിന്റെ വിവിധങ്ങളായ ദുരന്തഫലങ്ങൾ നാം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പരിസ്ഥിതിമേഖലയുടെ സവിശേഷമായ സാഹചര്യങ്ങൾ പരിഗണിച്ച് പ്രകൃതി സംരക്ഷണ ശുശ്രൂഷയിൽ സഭ കൂടുതൽ ഭാഗമാകുന്നതിനുവേണ്ടിയാണ് നയരേഖയും പ്രവർത്തന പദ്ധതിയും പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ഉപഭോഗസംസ്കാരം, ആഡംബരഭ്രമം, ധൂർത്ത് എന്നിവയുടെ കുത്തൊഴുക്ക് മനുഷ്യരാശിയുടെ നിലനില്പിനെ സാരമായി ബാധിക്കുന്ന ഈ പശ്ചാത്തലത്തിൽ മനുഷ്യന്റെ കാല്പാദം പതിഞ്ഞിരിക്കുന്ന ഈ മണ്ണിലേക്കും ജൈവഘടനയിലേക്കും സഭ തിരിയുമ്പോൾ പരിസ്ഥിതി സംരക്ഷണം എന്നത് കേവലം ജൈവശാസ്ത്രപരമോ രാഷ്ട്രീയമോ ആയ ഒരു വിഷയമായല്ല സഭ കാണുന്നത്. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് സമൂഹത്തിൽ നടക്കുന്ന സംവാദത്തിൽ എന്തുകൊണ്ട് സഭ ക്രിയാത്മകമായി ഇടപെടാൻ ആഗ്രഹിക്കുന്നു എന്നതിന്റെ അടിസ്ഥാനമായി സഭാപിതാക്കന്മാർ പരിസ്ഥിതി നയരേഖയിൽ ചൂണ്ടിക്കാട്ടുന്നത് ഏട്ടിന ദർശനങ്ങളാണ്.

(1) പരിസ്ഥിതി പ്രശ്നത്തിന്റെ ധാർമ്മിക വശങ്ങൾ സമൂഹശ്രദ്ധയിൽ കൊണ്ടുവരിക (2) പരിസ്ഥിതിയും ദാരിദ്ര്യവും വികസനശ്രമങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക. (3) പരിസ്ഥിതി നാശത്തിന്റെ പ്രഥമ ഇരകളായ പാവപ്പെട്ടവരോടുള്ള അനുഭാവം ക്രിയാത്മകമായി പ്രകടിപ്പിക്കുക. (4) സുസ്ഥിര വികസനത്തിലൂടെയുള്ള പരിസ്ഥിതി സംരക്ഷണത്തിലെ നീതിയുടെ വശങ്ങൾ വെളിവാക്കുക (5) എല്ലാ കത്തോലിക്കരെയും സന്മനസ്സുള്ള എല്ലാ മനുഷ്യരെയും ഈ പ്രശ്നത്തിലെ മതപരമായ മാനങ്ങൾ പരിഗണിക്കാൻ ക്ഷണിക്കുക (6) പരിസ്ഥിതി സംരക്ഷണത്തിന് സഭ നടത്തുന്ന ഇടപെടലുകൾ കൂടുതൽ സജീവമാക്കുക (7) ഇന്നത്തെ സാഹചര്യത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് അനുവർത്തിക്കാനുതകുന്ന കാര്യങ്ങൾ നിർദ്ദേശിക്കുക. (8) പരിസ്ഥിതി ആത്മീയത പരിപോഷിപ്പിക്കുക.

പരിസ്ഥിതിസംരക്ഷണം ഒരു ജീവിതശൈലിയാക്കി വളർത്തിയെടുക്കാനുള്ള പരിശ്രമങ്ങളിൽ ആഗോളസമൂഹത്തോട് കൈകോർത്ത് മുന്നേറാനുള്ള കേരളകത്തോലിക്കാ സഭയുടെ പ്രതിബദ്ധത ഇവിടെ പ്രഖ്യാപിക്കുകയാണ്. പരിസ്ഥിതിനയരേഖയും കർമ്മപദ്ധതിയും കത്തോലിക്കാസഭയുടെ ഭാഗത്തുനിന്നുള്ള പുതിയ തുടക്കമാണ്. കേരളത്തിലെ വിദ്യാഭ്യാസ, ആതുരശുശ്രൂഷ, സാമൂഹികപ്രവർത്തന മേഖലകളിൽ പുതിയ വഴികൾ വെട്ടിത്തുറന്ന് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞ കത്തോലിക്കാസഭയുടെ പരിസ്ഥിതി മേഖലയിലെ ഈ പുത്തൻ നീക്കം ഏറെ പ്രതീക്ഷാനിർഭരമാണ്. നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കൊത്തവിധത്തിൽ പരിസ്ഥിതി ശുശ്രൂഷ നിർവഹിക്കാൻ എല്ലാവർക്കും ഉത്തരവാദിത്വവുമുണ്ടെന്ന് നമുക്ക് ഓർക്കാം.



# രാജ്യാന്തര യാത്രക്കാർ കൊച്ചിക്ക് 4–ാം സ്ഥാനം

ഇന്ത്യയിൽ വിമാനയാത്രക്കാരുടെ എണ്ണത്തിൽ 13.2 ശതമാനം വളർച്ചയുണ്ടായി. 2011 – 2012 സാമ്പത്തിക വർഷം 16,23,03,121 പേർ ഇന്ത്യയിലെ വിമാനത്താവളങ്ങൾ വഴി ആകാശയാത്ര നടത്തി. 2010 2011 വർഷം പറന്നതാകട്ടെ 14,34,30,273 പേരും, 1,88,72,848 പേർ അധികമായി ആകാശയാത്ര നടത്തി എന്നത് വ്യോമയാന മേഖലയ്ക്ക് കൂടുതൽ കരുത്തു പകരുന്ന കാര്യമാണ്.

4.07,96,403 രാജ്യാന്തര യാത്രക്കാരും, 12,15,06,718 ആഭ്യന്തര യാത്രക്കാരും ഉൾപ്പെടെയാണ് മൊത്തം 16,23,03,121 പേർ വിമാനയാത്ര നടത്തിയിരിക്കുന്നത്. രാജ്യാന്തര യാത്രക്കാരുടെ എണ്ണത്തിൽ 7.6 ശതമാനവും ആഭ്യന്തര യാത്രക്കാരുടെ എണ്ണത്തിൽ 15.1 ശതമാനവും കുതിപ്പുണ്ടായി. 2010 –2011 വർഷം 3,79,07,547 പേരാണ് രാജ്യാന്തര യാത്ര നടത്തിയത്. ആഭ്യന്തര യാത്ര നടത്തിയത് 10,55,22,726 പേരും. ആഭ്യന്തര യാത്രക്കാരുടെ എണ്ണത്തിലാണ് കൂടുതൽ ഉയർച്ച ഉണ്ടായിരിക്കുന്നത്. ഏറ്റവും കൂടുതൽ പേർ വിമാനയാത്ര നടത്തിയിരിക്കുന്നത് ഡൽഹി വിമാനത്താവളം വഴിയാണ്. ഡൽഹി വിമാനത്താവളം വഴിയാണ് 3,58,81,965 പേർ, 2010 – 2011 വർഷം 2,99,42,887 പേരാണ് യാത്ര നടത്തിയത്. ഡൽഹിയിൽ യാത്രക്കാരുടെ എണ്ണത്തിൽ 19.8 ശതമാനം കുതിപ്പുണ്ടായി. രണ്ടാം സ്ഥാനത്ത് മുംബൈ വിമാനത്താവളമാണ്. ഇവിടെ നിന്നും കഴിഞ്ഞ വർഷം 3,07,47,841 പേർ പറന്നു. 2010 –2011 വർഷം ഇത് 2,90,71,913 പേരായിരുന്നു. യാത്രക്കാരുടെ എണ്ണത്തിലുണ്ടായ വളർച്ച 5.8 ശതമാനം.

യാത്രക്കാരുടെ എണ്ണത്തിൽ കൊച്ചി വിമാനത്താവളം ഏഴാം സ്ഥാനത്തുണ്ട്. 8.7 ശതമാനം വളർച്ച നേടിയ കൊച്ചി യാത്രക്കാരുടെ എണ്ണത്തിൽ 50 ലക്ഷത്തിനരികെയെത്തി. 47,17,650 പേരാണ് കഴിഞ്ഞ വർഷം കൊച്ചി വഴി പറന്നത്. 2010 –2011 വർഷം ഇത് 43,40,725 പേരായിരുന്നു. തിരുവനന്തപുരം വിമാനത്താവളം വഴി കഴിഞ്ഞ വർഷം 28,14,799 പേരാണ് യാത്ര ചെയ്തത്. 2010 –2011 വർഷം യാത്രചെയ്തത് 25.26.885 പേരും. 11.4 ശതമാനം വളർച്ച നേടാനായി എന്നത് ശ്രദ്ധേയമാണ്. കോഴിക്കോട് വിമാനത്താവളം വഴി 2010 – 2011 വർഷം 20,59,979 യാത്രചെയ്യുമ്പോൾ കഴിഞ്ഞവർഷം 22,44,684 പേർ ആകാശയാത്ര നടത്തി 7.3 ശതമാനം ഉയർച്ചയുണ്ടായി.

# ജനാധിപത്യം ഭദ്രമാക്കാൻ സമൂഹം സജ്ജമാകണം

**ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ**

ന്നാം ലോകമഹായുദ്ധത്തിനുശേഷം യു.എസ് പ്രസിഡന്റ് വുഡ്രോ വിൽസൺ അമേരിക്കൻ കോൺഗ്രസിൽ നടത്തിയ ആഹ്വാനം ജനാധിപത്യത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടി ലോകത്തെ സജ്ജമാക്കണം എന്നായിരുന്നു. എന്നാൽ ലോകം കണ്ടെതിൽവച്ച് ഏറ്റവും ക്രൂരമായ സർവാധിപത്യങ്ങളാണ് അന്നു മുതൽ (1917 മുതൽ) ലോകത്തിൽ അരങ്ങേറിയത്. നാസിസം, ഫാസിസം, കമ്യൂണിസം എന്നീ പേരുകളിൽ അധികാരം മുഴുവൻ പിടിച്ചെടുത്തകൂട്ടർ എത്ര കോടി ജനങ്ങളെ വീതമാണു കൊന്നൊടുക്കുകയോ തുറങ്കിലിലടയ്ക്കുകയോ ചെയ്തത്! അതിൽ ചില സർവാധിപത്യങ്ങൾ ഇന്നും തുടരുകയാണല്ലോ. ഇന്നത്തെ സർവാധിപത്യങ്ങൾക്ക് അടിത്തറയായി നില്ക്കുന്ന പാർട്ടികൾ ജനാധിപത്യവാദികൾ എന്നാണു സ്വയം വിശേഷിപ്പിക്കുന്നതെന്നു മാത്രം.

ജനാധിപത്യ സർക്കാരിനെക്കുറിച്ചുള്ള ഏബ്രഹാം ലിങ്കന്റെ പ്രസിദ്ധമായ നിർവചനമുണ്ടല്ലോ; ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ ഗവൺമെന്റ്. ഇന്നു നിനില്ക്കുന്ന സർവാധിപത്യരാഷ്ട്രങ്ങളിൽ ജനങ്ങൾക്കുവേണ്ടി എന്നു പറയുമ്പോൾ ഒരു വർഗത്തെ അല്ലെങ്കിൽ ഒരു വിഭാഗത്തെയാണ് അവർ അർഥമാക്കുന്നത്. ജനങ്ങളാൽ എന്നു കാണിക്കാൻ നടത്തുന്ന തെരഞ്ഞെടുപ്പുകൾ കേവലം പ്രഹസനങ്ങളാണെന്നു ലോകർക്കെല്ലാം അറിയാം. പാർട്ടികളുടെ ഭരണം – പാർട്ടിഗ്രാമം എന്നു പറയുന്നതുപോലെ പാർട്ടിരാജ്യം – മാത്രമാണ് അവിടങ്ങളിൽ നിലവിലിരിക്കുക. മാധ്യമങ്ങളുടെയെല്ലാം വായ് മൂടികെട്ടി (അല്ലെങ്കിൽ ഇല്ലാതാക്കി) ചില ശിങ്കിടികളെക്കൊണ്ടു പറയിക്കുന്നതാണ് ഇതു ജനങ്ങളുടെ ഗവൺമെന്റ് ആണെന്നത്.

**ജനാധിപത്യം സുസ്ഥിരമാകണമെങ്കിൽ**

ജനാധിപത്യം സമഗ്രമായ ഒരു മനുഷ്യദർശനത്തിൽ ഊന്നിയതാണ്. അതു മഹത്തായ ഒരു മാനവികതയിൽനിന്നു രൂപം കൊണ്ടതാണ്. വ്യക്തിസ്വാതന്ത്ര്യവും ചെറുഘടകങ്ങളുടെ അവകാശങ്ങളും പൊതുനന്മയും ഒരുപോലെ പരിഗണിക്കുന്ന ഒരു സിദ്ധാന്തമാണ്. അഭിപ്രായ വ്യത്യാസമുള്ളവരുടെ മന:സാക്ഷി സ്വാതന്ത്ര്യവും പ്രവർത്തന സ്വാതന്ത്രവും അംഗീകരിക്കുന്ന സമ്പ്രദായമാണ്. പ്രതിപക്ഷത്തെ ആദരിക്കുകയും പ്രതിപക്ഷ നേതാവിനു മന്ത്രി തുല്യമായ സ്ഥാനവും മറ്റും നൽകി ആദരിക്കുകയും ചെയ്യുന്ന ജീവിതശൈലിയാണു ജനാധിപത്യത്തിന്റേത് ഈവക ചിന്തകളോന്നുമില്ലാത്ത ഒരു രാഷ്ട്രീയ സംവിധാനത്തെയും ജനാധിപത്യപരമെന്നു പറയാനാവില്ല.

ജനാധിപത്യത്തിനു വീഴ്ചകൾ വരാം, അതു വ്യക്തികളുടെ മാർഗഭ്രംശത്തിൽ നിന്നുണ്ടാകുന്നവയാണ്. അങ്ങനെയുള്ള വീഴ്ചകൾക്കെതിരായി എന്നും കരുതലുണ്ടാവണം. ജനാധിപത്യ മൂല്യങ്ങൾ പുതിയ തലമുറയ്ക്കു കൈമാറാനുള്ള ബോധനക്രമീകരണങ്ങളുണ്ടാകണം. സർവോപരി ധാർമികബോധത്തിനു മുൻഗണന നൽകാൻ രാഷട്രീയമായ ക്രമീകരണങ്ങളുണ്ടാകണം. ധാർമികത പലപ്പോഴും ചുമതലകളിലേക്കാണു വിരൽചുണ്ടുക. അവകാശങ്ങളും ചുമതലകളും പ്രായോഗികമാക്കാനുള്ള നിരന്തര പരിശ്രമമാണു ജനാധിപത്യത്തിലുണ്ടാകേണ്ടത്.

നേരെ മറിച്ച്, വർഗസമരവാദവും വർഗീയവാദവും സ്വാഭാവത്താലേ വ്യക്തിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും മൗലികാവകാശങ്ങളും നിഷേധിക്കുന്നവയാണ്. പ്രായോഗിക തിരുത്തലുകൾക്കപ്പുറം ഈ സിദ്ധാന്തങ്ങൾ അഴിച്ചുപണിയേണ്ടതാണ് ആവശ്യം. പ്രായോഗിക വീഴ്ചകളെ ആവേശത്തോടെ പഴിച്ചതുകൊണ്ടായില്ല. അവയെ നീതികരിക്കുന്ന സിദ്ധാന്തങ്ങളാണു മാറേണ്ടത്. എങ്കിൽ മാത്രമേ ജനാധിപത്യം സംരക്ഷിക്കപ്പെടുകയുള്ളൂ. കേരളത്തിൽ ഇത്തരം തീവ്രവാദങ്ങൾ കാര്യമായ സ്വാധീനം ചെലത്തുന്നതുകൊണ്ട് ഇവിടെ ജനാധിപത്യം സംരക്ഷിക്കപ്പെടണമെന്ന് ആർച്ച് ബിഷപ്പ് മാർ പവ്വത്തിൽ ഉദ്ബോധിപ്പിച്ചു.



# മരണം വിളമ്പുന്ന ഭക്ഷണശാലകൾ

മലയാളിക്ക് ഭക്ഷണം വിഷമാണ്. പച്ചക്കറികൾ വിഷമയമായി അടുക്കളയിൽ എത്തിയെന്ന് മാത്രമല്ല, കേരളത്തിലെ പല ഹോട്ടലുകളും റസ്റ്റോറന്റുകളും പഴകിയ ഭക്ഷണവും വിളമ്പി മലയാളിയെ യമപുരിക്കയക്കുകയാണ്. തിരുവനന്തപുരത്തെ ഒരു ഹോട്ടലിൽ നിന്ന് ഷവർമ വാങ്ങി കഴിച്ച യുവാവ് മരിച്ചതും നടൻ ഷോബി തിലകനും കുടുംബവും ഹോട്ടൽ ഭക്ഷണം കഴിച്ച് ഭക്ഷ്യവിഷബാധയേറ്റ് ആശുപത്രിയിലായതും നമ്മൾ പത്രത്തിൽ വായിച്ചല്ലോ. മരണവാർത്തയെത്തുടർന്ന് ഹോട്ടലുടമ അറസ്റ്റിലാകുകയും മായം ചേർത്ത ഷവർമയാണ് നൽകിയതെന്ന് കുറ്റസമ്മതം നടത്തുകയും ചെയ്തതോടെ ഷവർമ നിരോധിച്ചിരിക്കുകയാണ്. ഇപ്പോൾ കേരളത്തിൽ പലയിടത്തും ഹോട്ടലുകൾ റെയ്ഡ് ചെയ്യപ്പെടുകയും പഴകിയ ഭക്ഷണവും ശുചീകരിക്കാത്ത പാത്രങ്ങളും വൃത്തിഹീനമായ അടുക്കളകളും മാത്രമല്ല റെയ്ഡുകളിൽ വെളിച്ചത്തുവന്നത്, അടുക്കളയോട് ചേർന്ന് കക്കൂസ് മാലിന്യത്തിന്റെ സാന്നിധ്യം വരെ കണ്ടുപിടിക്കപ്പെട്ടു. കേരളത്തിൽ ഇന്ന ശുദ്ധമായ വെള്ളമോ, കീടനാശിനി പ്രയോഗമില്ലാത്ത പഴമോ, പച്ചക്കറികളോ മായം ചേർക്കാത്ത പാലോ ലഭിക്കുന്നില്ല. ചീയാറായ പച്ചക്കറികളിലും പഴങ്ങളിലും ഹാനികരമായ നിറം നൽകിയാണ് വിൽക്കപ്പെടുന്നതെന്നും പരിശോധനയിൽ തെളിഞ്ഞു. പച്ച പുറംതൊലി കളഞ്ഞ് നിറം പൂശി ആകർഷകമാക്കിയ പച്ചക്കറികളും പഴങ്ങളും പ്രദർശിപ്പിക്കപ്പെടുമ്പോൾ സംശയലേശമെന്യേ വാങ്ങുന്നവർ വീട്ടിൽ ചെന്ന് ചുരണ്ടുമ്പോഴാണ് നിറം കൊടുത്തരിക്കുകയാണെന്ന സത്യം തിരിച്ചറിയുന്നത്. കാർഷികവൃത്തി അന്യമായ കേരളത്തിലേക്ക് തമിഴ്നാട്ടിൽനിന്നും കർണാടകയിൽ നിന്നും എത്തുന്ന പച്ചക്കറികളും അമിത കീടനാശിനി പ്രയോഗത്താൽ വിഷലിപ്തമാണ്.

ജാഗ്രതാ ന്യൂസ്
അറിയുക അറിയിക്കുക

## ശിശുക്ഷേമത്തിൽ രാജ്യം വളരെ പിന്നിൽ



ശിശുക്ഷേമ സൂചികയിൽ ഇന്ത്യയുടെ നില മോശമായി. ആരോഗ്യം, വിദ്യാഭ്യാസം, പോഷകാഹാരം എന്നീ കാര്യങ്ങളിൽ 1995നും 2010നുമിടയിൽ ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ സ്ഥാനം 12 ലേക്ക് താഴ്ന്നു. ീശുക്ഷേമ കാര്യത്തിൽ ലോകരാജ്യങ്ങളിൽ ഒന്നാം സ്ഥാനത്ത് ജപ്പാനാണ്. ഏറ്റവും പിന്നിൽ സൊമാലിയയും.

‘സേവ് ദി ചിൽഡ്രൻ’ എന്ന സംഘടനയാണ് ശിശുക്ഷേമ വികസന സൂചിക സംബന്ധിച്ച റിപ്പോർട്ടു പുറത്തുവിട്ടത്. 141 രാജ്യങ്ങളിൽ 1995 – 1999, 2000 – 2004, 2005 –2010 എന്നീ മൂന്ന് ഘട്ടങ്ങളായി നടത്തിയ വിശകലനത്തോടെയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

പ്രതിവർഷം 12.5 ലക്ഷം ശിശുമരണങ്ങളാണ് ഇന്ത്യയിൽ റിപ്പോർട്ട് ചെയ്തത്. 42 ശതമാനം കുട്ടികളിലും ഭാരക്കുറവുണ്ട്. 81 ലക്ഷം കുട്ടികളിൽ രണ്ട് വയസ്സാകുന്നതോടെ മുരടിപ്പ് അനുഭവപ്പെടുന്നു. 18 ലക്ഷം കുട്ടികൾ സ്കുളുകളിൽ ചേർക്കപ്പെടുന്നില്ല. ഇവരിൽ മഹാഭൂരിഭാഗവും ഗ്രാമീണ മേഖലയിലാണ്.

ഈ അടുത്ത വർഷങ്ങളിൽ ശിശുക്ഷേമ പ്രവർത്തനങ്ങൾ നാടകീയമായി മെച്ചപ്പെട്ടിട്ടുണ്ട്. ശിശു മരണനിരക്ക് കുറയ്ക്കാനും കൂടുതൽ കുട്ടികളെ സ്കൂളുകളിലെത്തിക്കാനും കഴിഞ്ഞിട്ടുണ്ടെങ്കിലും കുട്ടികൾക്കിടയിലുള്ള പോഷകാഹാരക്കുറവ് വർധിക്കുന്നത് ഈ പുരോഗതിക്ക് മങ്ങലേൽപ്പിക്കുന്നുവെന്ന് ‘സേവ് ദി ചിൽഡ്രൻ’ വെളിപ്പെടുത്തി.

# കുടുംബം നേരിടുന്ന വെല്ലുവിളികൾ

റവ. ഫാ. ജോസ് കോട്ടയിൽ





സമൂഹത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബം ലോകത്താകമാനം ഒരു പാടു ശക്തികളാൽ വെല്ലുവിളിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഒരുകണക്കിന് കുടുംബബന്ധങ്ങൾ തകർച്ചയുടെ വക്കിലാണുതാനും. ഈ വെല്ലുവിളികളിൽ ചിലത് ആഭ്യന്തരവും ചിലതു ബാഹ്യവുമാണ്. ഈ പ്രതിഭാസത്തിന് കേരളവും ശക്തമായി വിധേയപ്പെട്ടുകൊണ്ടാണിരിക്കുന്നത്. മാധ്യമങ്ങളിലെ വാർത്തകൾ ഒന്നു ശ്രദ്ധിച്ചാൽ ഇതിനു തെളിവു കിട്ടും. നിത്യേന മാദ്ധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നത് അക്രമങ്ങളുടെയും ചൂഷണത്തിന്റെയും അനിയന്ത്രിതമായ ലൈംഗികതയുടെയും ദാരിദ്ര്യത്തിൽ നട്ടം തിരിയുന്ന കുടുംബങ്ങളുടെയും അവഗണിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെയും ലഹരി, മദ്യപാന സംബന്ധിയായ പ്രശ്നങ്ങളുടെയും ആത്മഹത്യകളുടെയും തീവ്രവാദ പ്രവർത്തനങ്ങളുടെയും കൊലപാതകങ്ങളുടെയും കവർച്ചകളുടെയും... അങ്ങനെ ഒരു നീണ്ട നിര തന്നെയാണ്.

തുടക്കത്തിൽത്തന്നെ സമൂഹവും കുടുംബവും തമ്മിലുള്ള പരസ്പര ആശ്രിതത്വത്തെക്കുറിച്ച് മനസ്സിലാക്കേണ്ടത് വളരെ പ്രധാനപ്പെട്ടകാര്യമാണ്. സമൂഹം കുടുംബത്തെ വളരെയധികം ആശ്രയിക്കുന്നു. അതുപോലെതന്നെ സമൂഹം കുടുംബത്തെയും വളരെയധികം സ്വാധീനിക്കുന്നു. ഇന്നത്തെ സാമ്പത്തിക, സാമൂഹിക, മന:ശാസ്ത്ര അന്തരീക്ഷത്തിന്റെ ആഴവും നിഷേധാത്മകവുമായ സ്വാധീനവും കുടുംബാന്തരീക്ഷത്തെ ബാധിക്കുന്നുണ്ട്. സമൂഹം കുടുംബത്തിലൂടെയാണ് കടന്നുപോകുന്നതെന്ന ജോൺ പോൾ കക-ാമൻ മാർപാപ്പയുടെ വിഖ്യാതമായ പ്രസ്താവന അത്രമേൽ യാഥാർത്ഥ്യമാണ്. കുടുംബത്തിന്റെമേൽ ആധുനിക ലോകം ചെലുത്തുന്ന ഈ സമ്മർദ്ദത്തെക്കുറിച്ച് കുടുബംങ്ങൾ ബോധവാന്മാരാണോ എന്നതാണ് പ്രധാനകാര്യം. നമ്മുടെ കുടുംബങ്ങൾ ഈ ശക്തമായ സ്വാധീനങ്ങളെ നേരിടാൻ മാത്രം സുദൃഢമാണോ? ഈ ലേഖനത്തിൽ ഇന്ന് കുടുംബങ്ങൾ നേരിടുന്ന ചില വെല്ലുവിളികളെ അവലോകനം ചെയ്യുക മാത്രമാണ് ചെയ്യുന്നത്.

### ആഭ്യന്തര വെല്ലുവിളികൾ

നാൾതോറും കുടുംബങ്ങൾക്കുള്ളിൽ പ്രകോപനങ്ങളും അസ്വസ്ഥതകളും നിസ്സംഗതകളും ആശയവിനിമയ പ്രശ്നങ്ങളും ചൂഷണങ്ങളും വർദ്ധിച്ചുവരുന്നു. ഇന്നത്തെ സാമൂഹിക ചുറ്റുപാടുകളിൽ കുടുംബാംഗങ്ങൾ അന്തമില്ലാത്ത സമ്മർദ്ദങ്ങൾക്ക് വിധേയപ്പെടേണ്ടിവരുന്നു. അതുമൂലം കുടുംബത്തിന്റെ കൂട്ടായ്മയും സ്ഥിരതയും അവതാളത്തിലാവുന്നു. ഒന്നിനും സമയം തികയാതെ വരുന്നതുകൊണ്ട് വ്യക്തികൾ തമ്മിൽ അകലുന്നു.

### അനുദിന ജീവിതത്തിലെ ആഭ്യന്തര പ്രതിസന്ധികൾ

ഏത് കുടുംബങ്ങൾക്കും ഒഴിവാക്കാൻ പറ്റാത്ത ചില ക്ലേശങ്ങൾ ഉണ്ട്. ചിലപ്പോൾ അവ തങ്ങളുടെ ജീവിതതാളത്തെത്തന്നെ പിടിച്ചുകുലുക്കുന്നവയായിരിക്കും. ഒരു അംഗത്തിന്റെ മരണം, വാർദ്ധക്യം, ഒരംഗം മയക്കുമരുന്നിനടിമയാകുന്നത്, കുടുംബാംഗങ്ങൾ മദ്യപാനാസക്തിയിലാവുന്നത്, വികലാംഗനായ ഒരു കുട്ടി, അപ്രതീക്ഷിതമായ കടുത്ത ആരോഗ്യപ്രതിസന്ധി, ബിസിനസ്സ് പരാജയം, കുടുംബാന്തരീക്ഷത്തിൽത്തന്നെയുള്ള ലൈംഗിക അരാജകത്വങ്ങൾ..... അങ്ങനെ നീളുന്നു ഈ പ്രതിസന്ധികൾ. മിക്ക കുടുംബങ്ങളും ഇങ്ങനെയുള്ള പ്രതിസന്ധികളെ നേരിടാൻ കെല്പുള്ളവയല്ല. ഈ സാഹചര്യങ്ങളിൽ കുടുംബങ്ങൾക്ക് സഭയിൽ നിന്നും സമൂഹത്തിൽ നിന്നും സുഹൃദ്-ബന്ധുവലയങ്ങളിൽ നിന്നും സഹായം ആവശ്യമായി വരും. ചില സാഹചര്യങ്ങളിൽ പ്രഫഷണൽ സഹായംതന്നെ വേണ്ടിവരും. എന്നാൽ അങ്ങനെയുള്ള സഹായം തേടാൻ പലപ്പോഴും കുടുംബങ്ങൾ വൈമനസ്യം കാണിക്കുന്നു.

ഈ സാഹചര്യങ്ങളിൽ ഒരു നല്ല കുടുംബപ്രേഷിതന്റെ (Family Apostolate) സേവനം ഫലപ്രദമായിരിക്കും. കുടുംബത്തിൽ, വ്യക്തികൾ തമ്മിലുള്ള ഉരസലുകൾ, സ്പർദ്ധകൾ, സാമ്പത്തിക പ്രതിസന്ധികൾ, വൈകാരിക സംഘർഷങ്ങൾ, നിരന്തരമായ പരാജയങ്ങൾ..... ഇവയൊക്കെ കൈകാര്യം ചെയ്യാൻ പരിശീലനം ലഭിച്ച ഒരു കുടുംബ പ്രേഷിതന് സഹായിക്കാൻ സാധിക്കും. കുടുംബ ബന്ധങ്ങളിലെ വിള്ളലുകളെ പരിഹരിക്കുന്നതിന് ഫാമിലി കൗൺസലിംഗുപോലുള്ള മാർഗങ്ങൾ നമുക്ക് വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ തകരുന്ന കുടുംബങ്ങളിൽ സൗഖ്യവും അനുരഞ്ജനവും പുന:സ്ഥാപിക്കാൻ നമുക്കു സാധിക്കുകയുള്ളൂ. തക്കസമയത്ത് ഇടപെടുകയാണെങ്കിൽ ഒരളവുവരെ പ്രശ്നങ്ങൾ വരാതിരിക്കാനും ഇതു സഹായിക്കും. കുടുംബജീവിതത്തെക്കുറിച്ച് പര്യാപ്തമായ ഒരുക്കമില്ലായ്മ കുടുംബജീവിതത്തെക്കുറിച്ചുള്ള സംപുഷ്ടമായ ഒരുക്കത്തിന്റെ ആവശ്യത്തെക്കുറിച്ച് ഇന്നും നമ്മൾ പൂർണ്ണമായി ബോധവാന്മാരല്ല. എന്തിനും ഏതിനും പരിശീലനം നിർദ്ദിഷ്ടമാക്കുന്ന ഒരു സമൂഹത്തിലാണ് ഇതു സംഭവിക്കുന്നതെന്ന് ഓർമ്മിക്കുക.

*(തുടരും.......)*

# സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ

## തലസ്ഥാന ജില്ല ഒന്നാമത്



സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ തലസ്ഥാന ജില്ല ഒന്നാം സ്ഥാനത്ത്. രണ്ടാം സ്ഥാനത്ത് തൃശ്ശൂരാണ്. മലപ്പുറമാണ് തൊട്ടുപിന്നിൽ. കുറ്റകൃത്യങ്ങൾ കുറവ് റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ലയെന്ന ബഹുമതി പത്തനംതിട്ടയ്ക്കാണ്.

ഈ വർഷം ജനുവരി മുതൽ മെയ് വരെയുള്ള കണക്കാണിത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം, ആറുമാസത്തിനിടെ സ്ത്രീകൾക്കെതിരായി 5736 കുറ്റകൃത്യങ്ങളാണ് നടന്നത്. സ്ത്രീധന മരണനിരക്ക് കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടതും തിരുവനന്തപുരത്താണ്.

കഴിഞ്ഞ വർഷവും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ തിരുവനന്തുപുരം, തൃശ്ശൂർ ജില്ലകൾക്കായിരുന്നു യഥാക്രമം ഒന്ന്, രണ്ട് സ്ഥാനങ്ങൾ. ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ യഥാക്രമം 1719, 1566 വീതമായിരുന്നു കുറ്റകൃത്യങ്ങൾ.

തീവണ്ടിയാത്രയ്ക്കിടെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിച്ചതായി റിപ്പോർട്ടുണ്ട്. ആറുമാസത്തിനിടെ മാത്രം 27 സംഭവങ്ങൾ റിപ്പോർട്ടു ചെയ്തു. സംസ്ഥാനാടിസ്ഥാനത്തിൽ തന്നെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കൂടുതലും ഭർത്താവോ ബന്ധുക്കളോ ഉപദ്രവിച്ചതുമായി ബന്ധപ്പെട്ടാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 2364 കേസുകളാണ് ഈ രീതിയിലുള്ളത്.

സ്ത്രീകളോട് മര്യാദയില്ലാതെ പെരുമാറിയ കേസുകളുടെ എണ്ണം 1628 ആണ്. പൂവാലശല്യവുമായി ബന്ധപ്പെട്ട് 190 കേസുണ്ട്.

മലപ്പുറത്ത് സ്ത്രീകൾക്കു നേരെ 756 കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. പൊതുവേ കുറ്റകൃത്യങ്ങൾ കൂടിയ ജില്ലയെന്ന പേരുദോഷമുള്ള എറണാകുളം റൂറൽ, സിറ്റി ജില്ലകളിലായി 426 കുറ്റകൃത്യങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. സംസ്ഥാനാടിസ്ഥാനത്തിൽ ആറാം സ്ഥാനമാണ് എറണാകുളത്തിന്. കൊല്ലത്തിന് നാലും (560) കോഴിക്കോടിന് അഞ്ചും (506) സ്ഥാനമാണ്.

മെയ് വരെ ബലാൽസംഗത്തിന് ഇരയായത് 181 കുട്ടികളാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഭ്രൂണഹത്യയുമായി ബന്ധപ്പെട്ട് ഒരു കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

# സ്ത്രീധനം: 5 മാസത്തിനിടെ 17 പേർ കൊല്ലപ്പെട്ടു

സംസ്ഥാനത്ത് അഞ്ചുമാസത്തിനിടെ സ്ത്രീധനത്തിന്റെ പേരിൽ പൊലിഞ്ഞത് 17 ജീവൻ. 2011-ൽ 15 സ്ത്രീധനമരണം ഉണ്ടായിരുന്നിടത്താണിത്. അഞ്ചുവർഷത്തിനിടെ 99 പേർക്ക് ജീവൻ നഷ്ടമായെന്നും പൊലീസ് കണക്ക് വ്യക്തമാക്കുന്നു.

കഴിഞ്ഞ അഞ്ചു വർഷത്തെ അപേക്ഷിച്ച് ഈ വർഷം സ്ത്രീധന മരണങ്ങൾ കൂടുതലാണ്. 2008-ൽ 25, 2009-ൽ21, 2010-ൽ 21, 2011-ൽ 15 എന്നിങ്ങനെയാണ് മുൻ വർഷങ്ങളിൽ സ്ത്രീധന പീഡനത്തിനിരയായി മരിച്ച യുവതികളുടെ എണ്ണം.

തലസ്ഥാന ജില്ലയിലാണ് ഏറ്റവുമധികം സ്ത്രീധന മരണം റിപ്പോർട്ട് ചെയ്തത്, നാല്. മൂന്ന് സ്ത്രീധനമരണവുമായി കൊല്ലം ജില്ല തൊട്ടുപിന്നിൽ. പാലക്കാട്, മലപ്പുറം, കാസർകോട് ജില്ലകളിൽ രണ്ട് യുവതികൾ വീതവും പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, വയനാട് ജില്ലകളിൽ ഓരോരുത്തരും കൊല്ലപ്പെട്ടു. ഇടുക്കി, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ഈ വർഷം ഇതുവരെ സ്ത്രീധന മരണം റിപ്പോർട്ട് ചെയ്തിട്ടില്ല.

# കൊച്ചി സഹ. മെഡി. കോളേജിൽ എൻആർഐ പ്രവേശനത്തിൽ നറുക്കെടുപ്പ് തട്ടിപ്പ്

കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ എംബിബിഎസിന് എൻആർഐ സീറ്റിൽ പ്രവേശനത്തിൽ വൻ ക്രമക്കേട്. പ്രഫഷനൽ വിദ്യാഭ്യാസരംഗത്തു കേട്ടുകേൾവി ഇല്ലാത്ത രീതിയിൽ നറുക്കെടുപ്പിലൂടെയാണു 15 വിദ്യാർഥികൾക്കു പ്രവേശനം നൽകി

യത്. അഞ്ചു വർഷത്തേക്കു 47.5 ലക്ഷം വീതം ഫീസ് നിശ്ചയിച്ച എൻആർഐ സീറ്റിൽ മെറിറ്റും മറ്റു യോഗ്യതകളും മാനദണ്ഡമാക്കാതെ നറുക്കെടുക്കുകയായിരുന്നു.

നൂറിലേറെ അപേക്ഷകരിൽ നിന്നാണു മെഡിക്കൽ കൗൺസിൽ മാനദണ്ഡങ്ങൾ പാലിക്കാതെ കേപ്പ് ഡയറക്ടറുടെ താത്ക്കാലിക ചുമതല വഹിച്ചയാളും രണ്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരും ചേർന്നു 15 പേരെ നറുക്കെടുത്തത്.

ജൂൺ 14നു ചേർന്ന കമ്മിറ്റി നൂറോളം വിദ്യാർഥികളുടെ പട്ടിക തയാറാക്കി. ഓരോരുത്തർക്കും പ്രത്യേക നമ്പർ നൽകി നറുക്കെടുത്തു. ഇതു പ്രകാരം തയാറാക്കിയ 15 പേരുടെ പട്ടിക അന്നു തന്നെ ഡയറക്ടർ അംഗീകരിച്ചു. ജൂൺ 26നു കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി പ്രവേശനങ്ങൾക്ക് അംഗീകാരവും നൽകി.

തീരെ മാർക്ക് കുറഞ്ഞവരും നറുക്കെടുപ്പിലൂടെ എംബിബിഎസ് പഠനത്തിനു യോഗ്യത നേടിയിട്ടുണ്ട്. പട്ടികയിൽ 98.5% മാർക്കുണ്ടായിരുന്ന വിദ്യാർഥികളെ തഴഞ്ഞു 40% പോലും മാർക്ക് വാങ്ങാത്തവരെ തിരുകിക്കയറ്റി. എൻആർഐ സീറ്റിലേക്കു പ്രവേശനത്തിനു പ്രത്യേക മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ലെന്ന പഴുത് ഉപയോഗിച്ചായിരുന്നു നറുക്കെടുപ്പ്.

കഴിഞ്ഞ വർഷം ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യ പരിഗണന എന്നതായിരുന്നു മാനദണ്ഡം. അന്നും മെറിറ്റ് പരിഗണിക്കാതിരുന്നതു രൂക്ഷ വിമർശനങ്ങൾക്ക് ഇടയാക്കിയിരുന്നു.

എൻആർഐ സീറ്റിലും മാർക്ക് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം എന്നു ഹൈക്കോടതിയിൽ സർക്കാർ സ്വീകരിച്ച നിലപാടിനെ മറികടന്നാണു നറുക്കെടുപ്പ് പ്രഹസനം.

എൻആർഐ സീറ്റിൽ മെറിറ്റ് മാത്രമായിരിക്കണം മാനദണ്ഡം എന്നു മെഡിക്കൽ കൗൺസിലും വ്യക്തമാക്കിയിട്ടുണ്ട്.

അതേസമയം, പരിയാരം സഹകരണ ആശുപത്രിയിൽ എൻ ആർ ഐ അപേക്ഷകർക്കായി പ്രത്യേക പരീക്ഷ നടത്തി, ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ 15 വിദ്യാർഥികൾക്കു പവേശനം നൽകുകയായിരുന്നു എന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.

# റിയാലിറ്റിഷോയിലെ പീഡനത്തിനെതിരെ നടപടി വരുന്നു

ടെലിവിഷൻ ചാനൽ റിയാലിറ്റി ഷോകളിൽ നിർദാക്ഷിണ്യം കമന്റടിക്കുന്ന വിധികർത്താക്കളെയും എലിമിനേഷൻ റൗണ്ടിൽ കുട്ടികളെ കരയിക്കാൻ കച്ചകെട്ടിയിറങ്ങുന്ന അവതാരകരുടെയും ശ്രദ്ധയ്ക്ക്. കുട്ടികളുടെ മാനസിക നില തകർക്കുംവിധം പെരുമാറുന്നവർക്കെതിരേ പരാതി ലഭിച്ചാൽ നടപടിയെടുക്കുമെന്ന് ടെലിവിഷൻ ചാനലുകളുടെ സംഘടനയായ ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് ഫെഡറേഷൻ (ഐബിഎഫ്) വ്യക്തമാക്കി. അശ്ലീല സംഭാഷണവും ആഭാസ നൃത്തരംഗങ്ങളുമുള്ള സിനിമ അവാർഡ് ഷോകൾ പ്രൈംടൈമിൽ സംപ്രേക്ഷണം ചെയ്യുന്നതിനും മൃഗങ്ങൾക്കു നേരെയുള്ള ക്രൂരത പ്രദർശിപ്പിക്കുന്നതിനും ഐബിഎഫ് വിലക്കേർപ്പെടുത്തി. ഫെഡറേഷനു ലഭിച്ച പരാതികൾ പരിശോധിച്ച് ഈ മാസം പുറത്തിറങ്ങിയ മൂന്നു വ്യത്യസ്ത സർക്കുലറുകളിലാണ് ഈ നിർദ്ദേശം.

റിയാലിറ്റ് ഷോ, ടെലി സീരിയൽ, പരസ്യചിത്രങ്ങൾ എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതു സംബന്ധിച്ച് നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് (എൻസിപിസിആർ) 2011 ൽ പുറത്തിറക്കിയ മാർഗനിർദ്ദേശങ്ങൾ ചാനലുകൾ കർശനമായി പാലിക്കണമെന്ന് ഐബിഎഫ് ആവശ്യപ്പെടുന്നു. 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളും കൗമാരക്കാരും പങ്കെടുക്കുന്ന റിയാലിറ്റി ഷോകൾ മത്സരാധിഷ്ഠതമാകരുതെന്നാണ് ഒരു നിർദേശം. ഷോകൾ വാണിജ്യാധിഷ്ഠിതമായതിനാൽ അവതരണത്തിൽ നാടകീയതയും സെൻസേഷണലിസവും കലർത്തുന്നത് പതിവാണ്. ഇത് കുട്ടികളിൽ അനാരോഗ്യകരമായ ഉത്ക്കണ്ഠയും മാനസിക സമ്മർദവുമുണ്ടാക്കും. 2009 മാർച്ച് 19 ന് ഒരു ചാനൽ റിയാലിറ്റി ഷോയിൽ പങ്കെടുത്ത കുട്ടിക്ക് വിധികർത്താക്കളുടെ കമന്റ് കേട്ട് മനോനില തെറ്റിയ സംഭവം റിപ്പോർട്ടിൽ എടുത്തുപറയുന്നു. എലിമിനേഷൻ റൗണ്ടിൽ കുട്ടികളെ കരയിക്കാൻ അവതാരകർ ശ്രമിക്കുന്നതും സാധാരണമാണ്. ഇതും മാർഗനിർദേശങ്ങൾക്ക് എതിരാണ്.

'സിനിമ അവാർഡ്നൈറ്റ്' പരിപാടികൾ, മൃഗങ്ങളോടുള്ള ക്രൂരത പ്രദർശിപ്പിക്കുന്ന റിയാലിറ്റി ഷോ, സെക്സ്, വയലൻസ്, അന്ധവിശ്വാസം, പ്രചരിപ്പിക്കൽ തുടങ്ങിയവ ഉൾപ്പെട്ട ചാനൽ പരിപാടിക്കെതിരെ ജൂൺ മുതൽ ജൂലൈ വരെ 6387 പരാതി ബിസിസിസിക്ക് ലഭിച്ചു. മലയാളത്തിൽ ഏഷ്യാനെറ്റ് സംപ്രേഷണം ചെയ്ത വിശ്വസിച്ചാലും ഇല്ലെങ്കിലും, അമ്മ എന്നീ പരിപാടികൾക്കെതിരായ പരാതികളും ഇതിൽപ്പെടും.



## മാർ തോമസ് ചക്യത്ത്

# ഔദ്യോഗിക സ്ഥാനത്തു നിന്ന് വിരമിക്കുന്നു. തിരിഞ്ഞ് നോക്കുമ്പോൾ സന്തോഷം, സംതൃപ്തി

കത്തോലിക്കാ സഭയിലെ മൂന്നു റീത്തുകളും വിവിധ എപ്പിസ്കോപ്പൽ സഭകളും കൂട്ടായ്മയിലും സ്നേഹത്തിലും ഒരു കുടുംബമായി വർത്തിക്കണമെന്ന് മാർ തോമസ് ചക്യത്ത് എന്നും ആഗ്രഹിച്ചിരുന്നു. ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കാൻ ഒരുങ്ങുന്ന വേളയിൽ സൺഡേ ശാലോം വായനക്കാരോട് മാർ തോമസ് ചക്യത്ത് ഹൃദയം തുറന്ന് സംസാരിക്കുന്നു.

**വിരമിക്കുവാൻ സമയമായോ?**

തീർച്ചയായും 74 വയസു കഴിഞ്ഞപ്പോൾത്തന്നെ എന്റെ മാറ്റത്തെക്കുറിച്ച് ഞാൻ വർക്കി പിതാവുമായി സംസാരിച്ചിരുന്നു. 75 വയസാകുമ്പോൾ നമ്മുടെ വൈദികരും മെത്രാന്മാരും വിരമിക്കണമല്ലോ. കാരണം അപ്പോഴേക്കും സ്വാഭാവികമായി ഓർമക്കുറവുണ്ടാകും. കാര്യക്ഷമമായ ശുശ്രൂഷകൾക്ക് അനാരോഗ്യം കാരണമാകരുതെന്ന് കരുതുന്നു. ഒന്നര വർഷംമുമ്പ് ഇക്കാര്യം ഞാൻ വർക്കി പിതാവിനോട് പറഞ്ഞപ്പോൾ ഇനിയും സമയമുണ്ടല്ലോ എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി, മേജർ ആർച്ച് ബിഷപ്പായി ആലഞ്ചേരി പിതാവ് വന്നതോടെ എന്റെ മാറ്റത്തിന്റെ കാര്യം ഞാൻ അദ്ദേഹത്തെയും ധരിപ്പിച്ചു. ഓഗസ്റ്റ് മാസത്തിൽ നടക്കുന്ന സിനഡിൽ ഔദ്യോഗിക അനുവാദം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. 75 വയസു പൂർത്തിയാകുന്ന ദിവസം വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കാൻ ഞാൻ മാനസികമായി ഒരുങ്ങിക്കഴിഞ്ഞു.

**ഇപ്പോഴുള്ള മനോഭാവം?**

സന്തോഷവും സംതൃപ്തിയും മാത്രം എറണാകുളം-അങ്കമാലി അതിരൂപതയിൽ ജനിക്കാനും വൈദികനാകാനും അപ്രതീക്ഷിതമായി വികാരി ജനറാളും സഹായമെത്രാനുമായി പ്രവർത്തിക്കാനുമൊക്കെ ദൈവം എന്നെ അനുവദിച്ചു. പ്രവർത്തിച്ച മേഖലയിലെല്ലാം എല്ലാവരുടെയും സ്നേഹവും സഹകരണവും ആവോളം ലഭിച്ചു. വർക്കിപിതാവിനോടും എടയന്ത്രത്ത് പിതാവിനോടും ഇപ്പോൾ ആലഞ്ചേരി പിതാവിനോടും ഒപ്പം എറണാകുളം അതിരൂപതയിൽ ശുശ്രൂഷ ചെയ്യാൻ



കഴിഞ്ഞതിൽ സന്തോഷമുണ്ട്. ഇനി പ്രാർത്ഥനയ്ക്കും പഠനത്തിനും ഏറെ സമയം ലഭിക്കും. വിരമിക്കുക എന്നത് തീർത്തും അപ്രധാനമായ കാര്യമാണല്ലോ. ശുശ്രൂഷജീവിതത്തിലെ ഒരവസ്ഥ. അങ്ങനെ കണ്ടാൽ മതി.

**പിന്തിരിഞ്ഞുനോക്കുമ്പോൾ എന്തു തോന്നുന്നു?**

പൗരോഹിത്യ ശുശ്രൂഷയിൽ ജീവിതം സമർപ്പിക്കാൻ കഴിഞ്ഞതിന്റെ, സംതൃപ്തിയാണെനിക്കുള്ളത്. എന്റെ പഠനത്തിലും പരിശീലനത്തിലും പ്രവർത്തന കാലഘട്ടത്തിലും എന്നെ സ്നേഹിച്ചവരും സഹായിച്ചവരും ഏറെയാണ്. അവർക്കെല്ലാം ഞാൻ നന്ദിയർപ്പിക്കുന്നു. 1988 ജനുവരി 29ന് രാത്രി പത്തുമണിക്ക് വർക്കി വിതയത്തിൽ പിതാവ് എന്നെ വിളിപ്പിച്ച് അപ്പസ്തോലിക പദവിയിലേക്കുയർത്തിയ വിവരം അറിയിക്കുകയായിരുന്നു. ഇക്കാര്യം രഹസ്യമായി സൂക്ഷിക്കണമെന്ന് പിതാവിന് നിർബ ന്ധമുണ്ടായിരുന്നതിനാൽ ഞാൻ നിയമനകാര്യം രഹസ്യമായി സൂക്ഷിക്കുകയും അതിരൂപതാ വികാരി ജനറാൾ എന്ന നിലയിൽ തുടർന്നും സേവനമനുഷ്ഠിക്കുകയും ചെയ്തു.

ഏതാനും ദിവസത്തിന് ശേഷം പിതാവ് എന്നെവിളിച്ച് "അച്ചനോട് ഒരു രഹസ്യം പറയാനുണ്ടെന്ന് പറഞ്ഞ്" എന്നെ ആശ്ലേഷിച്ചു. "അനുമോദനം എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രനായി അങ്ങയെ നിയമിച്ചിരിക്കുന്നു. ദൈവരിപാലനയിൽ അടിയുറച്ച് വിശ്വസിച്ച് ഇത് സ്വീകരിക്കണം." അങ്ങനെയാണ് പിതാവ് എന്നോട് പറഞ്ഞത് പിറ്റേന്ന് കാലത്തു തന്നെ മറുപടി കൊടുക്കണമെന്നും ഓർമ്മിപ്പിച്ചു.

ആ രാത്രി നിദ്രാവിഹീനമായിരുന്നു. കാരണം മെത്രാനാകുന്നു എന്ന വാർത്ത പെട്ടെന്ന് കേട്ടപ്പോഴുണ്ടായ വികാരങ്ങൾ മെത്രാൻ ആകുന്നവർക്കേ മനസ്സിലാകൂ. പിറ്റേന്ന് രാവിലെ ആറരയ്ക്ക് ഞാൻ എന്റെ മറുപടി എഴുതി വർക്കി പിതാവിനെ ഏൽപ്പിച്ചു. ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ "നിങ്ങൾ ഭയപ്പെടരുത്, ഞാൻ എന്നും നിങ്ങളോടു കൂടെയുണ്ട്" എന്ന ദൈവവചനമാണ് എന്നെ നയിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു ഈ വാഗ്ദാനം തന്നെയാണ് എനിക്ക് ശക്തി പകരുന്നത്. ശുശ്രൂഷയ്ക്കുവേണ്ടി വിളിച്ച ദൈവം അളവില്ലാത്ത വിധം എന്നെ അനുഗ്രഹിച്ചു.

1998 ജനുവരി 27 നാണ് മാർപാപ്പ എറണാകുളം അതിരൂപതയുടെ വികാരി ജനറാൾ ആയിരുന്ന മോൺ. തോമസ് ചക്യത്തിനെ സഹായമെത്രാനായി നിയമിക്കുന്നത്. 1998 ഏപ്രിൽ 14 ന് കർദിനാൾ മാർ വർക്കി വിതയത്തിൽ മെത്രനായി അഭിഷേകം ചെയ്തു. തുടർച്ചയായി 14 വർഷം കേരളത്തിലെ ഏറ്റവും വലിയ രൂപതയുടെ സഹായമെത്രാനായി പ്രവർത്തിക്കുമ്പോഴും കേരള സഭയിലും പൊതുസമൂഹത്തിലും സജീവസാന്നിധ്യമായിരുന്നു മാർ ചക്യത്ത്. രണ്ടായിരത്തോളം വൈദികരെ സെമിനാരിയിൽ പഠിപ്പിച്ചതിൽ ഏഴുപേർ ഇന്ന് മെത്രാന്മാരാണ്. ഇതിൽ സീറോ മലങ്കര സഭയുടെ മേജർ ആർച്ച് ബിഷപ്പും കാതോലിക്കയുമായ മാർ ബസേലിയോസ് ക്ലീമ്മീസും ഉൾപ്പെടുന്നു. ഇപ്പോൾ സീറോ മലബാർ സഭയുടെ ക്ലർജി കമ്മീഷന്റെ ചെയർമാനും കെ.സി.ബി.സി ജാഗ്രതാ കമ്മീഷന്റെ ചെയർമാനുമാണ് മാർ ചക്യത്ത്.

ജന്മദിനങ്ങളൊന്നും അദ്ദേഹം ആഘോഷിക്കാറില്ല. അരമനയിലെ വൈദികരും മാർ സെബാസ്റ്റ്യൻ എടയന്ത്രത്തും കർദിനാൾ മാർ

വിതയത്തിലുമൊക്കെ സൂചിപ്പിക്കുമ്പോൾ ആഘോഷങ്ങളൊന്നും വേണ്ടെന്നു പറഞ്ഞ് അദ്ദേഹം സ്നേഹപൂർവം ഒഴിയുകയാണ് പതിവ്. സപ്തതിക്കു പോലും ആഘോഷ ങ്ങളൊന്നുമുണ്ടായിരുന്നില്ല. വിശപ്പും രോഗവും ദാരിദ്ര്യവും വേദനകളുമായി ഭൂരിപക്ഷം ജനങ്ങൾ വിഷമിക്കുമ്പോൾ, ആഘോഷങ്ങൾക്കു പ്രസക്തിയില്ലെന്നാണ് ഈ ഇടയന്റെ കാഴ്ചപ്പാട്. "ആഘോഷങ്ങൾ ആഡംബരമാകരുതെന്ന" കർദിനാൾ മാർ വിതയത്തിലിന്റെ ശ്രദ്ധിക്കപ്പെട്ട ഇടയലേഖനത്തിന് പിന്നിൽ മാർ തോമസ് ചക്യത്തിന്റെസ്വാധീനവും ഉണ്ടായിരുന്നു.

സഭയുടെ സാമൂഹിക ദർശനങ്ങൾ സമിനാരിയിൽ 23 വർഷം പഠിപ്പിക്കുമ്പാഴും മെത്രാനായി പ്രവർത്തിച്ചപ്പോഴും സഭാജീവിതത്തിന്റെ സാമൂഹ്യ പാഠങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ഭൂരിപക്ഷം വരുന്ന സാധാരണക്കാരെ മറന്ന്, അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും കാണാതെ രൂപംകൊള്ളുന്ന എല്ലാ പദ്ധതികളും സംരംഭങ്ങളെയും അദ്ദേഹം എന്നും പ്രകാശിപ്പിക്കുന്ന മുഖപ്രസംഗങ്ങളും കാണുമ്പോൾ മാധ്യമസ്ഥാപനാധികാരികളെ വിളിച്ച് അനുമോദിക്കുവാനും വീഴ്ച ഉണ്ടാകുമ്പോൾ ചൂണ്ടിക്കാണിക്കാനും അദ്ദേഹം ശ്രദ്ധിച്ചു. സ്വാശ്രയ പ്രശ്നം, ന്യൂനപക്ഷാവകാശ ധ്വംസനം എന്നിവയ്ക്ക് സർക്കാരുമായുള്ള സംവാദത്തിനും മധ്യസ്ഥതയ്ക്കും മാർ ചക്യത്ത് മേജർ ആർച്ച് ബിഷപ്പിന്റെ അനുവാദത്തോടെ മുന്നിട്ട് പ്രവർത്തിച്ചിരുന്നു. യാക്കോബായ-ഓർത്തഡോക്സ് സഭകൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കുവാനുള്ള മധ്യസ്ഥചർച്ചകൾക്കും കൂടിയാലോചനകൾക്കും നേതൃത്വം കൊടുത്തതിലും ഇപ്പോഴും പ്രതീക്ഷയോടെ അതിന് ശ്രമിക്കുന്നതിലും മാർ ചക്യത്ത് സംതൃപ്തി കണ്ടെത്തുന്നു.

സത്യം, സ്നേഹം, നീതി എന്നിവയുടെ സന്ദേശവാഹകനായി പ്രതിസന്ധികളിലും പ്രതിബന്ധങ്ങളിലും പതറാതെ, ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് സേവനം ചെയ്ത മാർ ചക്യത്തിന്റെ സേവനകാലഘട്ടം കേരളസഭയുടെ ചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തട്ടെ.

(സൺഡേ ശാലോം പ്രതിനിധി ശ്രീ. സാബു ജോസുമായി നടത്തിയ അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങൾ)

# നിയമം നോക്കുകുത്തി; എറണാകുളത്ത് അനധികൃത സ്കാനിങ് സെന്ററുകളും ലിംഗനിർണയവും




എറണാകുളത്തും പരിസരങ്ങളിലും വ്യാപകമായി അനധികൃത സ്കാനിങ് സെന്ററുകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തൽ. ലിംഗ നിർണയത്തിന്റെ ഫലമായി സ്വകാര്യ ആശുപത്രികളിൽ ഭ്രൂണഹത്യകൾ പെരുകുന്നതായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് സ്കാനിങ് സെന്ററുകൾ കേന്ദ്രീകരിച്ച് രഹസ്യമായി പരിശോധന ആരംഭിച്ചു. ഡി.എം.ഒ, ഡെപ്യൂട്ടി ഡി.എം.ഒ, ആർ.സി.എച്ച് ഓഫീസർ, മാസ്മീഡിയ ഓഫീസർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഏഴു സംഘങ്ങളാണ് സ്കാനിങ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തുന്നത്. സ്കാനിങ് സെന്ററിൽ ലിംഗനിർണയം നടത്തില്ല എന്ന ബോർഡ് സ്ഥാപിക്കണമെന്ന വ്യവസ്ഥ നിലനിൽക്കെ ലിംഗനിർണയം നടത്തിക്കൊടുക്കും എന്ന ബോർഡ് സ്ഥാപിച്ചും ജില്ലയുടെ പല ഭാഗങ്ങളിലും സ്കാനിങ് സെന്ററുകൾ പ്രവർത്തിക്കുന്നതായി പരിശോധനയിൽ കണ്ടെത്തി.

സ്കാനിങ് തുടങ്ങണമെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ രജിസ്ട്രേഷൻ ആവശ്യമാണ്. അഞ്ചു വർഷത്തേക്കാണ് രജിസ്ട്രേഷൻ നൽകുന്നത്. രജിസ്റ്റർ ചെയ്ത് ലൈസൻസോടെ പ്രവർത്തിക്കുന്ന സെന്ററുകളിൽ വരുന്ന രോഗികളുടെ വിവരങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്ററും സൂക്ഷിച്ചിരിക്കണം. സ്കാനിങ് നടത്താനെത്തുന്നവർ അത് എന്തിനുവേണ്ടിയാണ് ചെയ്യുന്നതെന്നതടക്കമുള്ള വിവരങ്ങളും രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തണം. സ്കാനിങ് സെന്ററിന് രജിസ്ട്രേഷൻ നൽകുമ്പോൾ അതു സ്ഥാപിക്കുന്ന സ്ഥലവും കെട്ടിടവും സംബന്ധിച്ച വിവരങ്ങളും അവിടെ ഉപയോഗിക്കുന്ന മെഷീന്റെ നമ്പറും സൂചിപ്പിച്ചാണ് ലൈസൻസ് നൽകുന്നത്. എന്നാൽ, ജില്ലയിൽ പോർട്ടബിൾ മെഷീൻ ഉപയോഗിച്ചും ഡോക്ടർമാർ സ്കാനിങ് നടത്തുന്നുണ്ട്. രാവിലെ ഒരു സ്ഥലത്ത് ക്യാമ്പ് ചെയ്ത് സ്കാനിങ് നടത്തുന്ന ഡോക്ടറുടെ ക്യാമ്പ് ഉച്ചയ്ക്കുശേഷം മറ്റൊരു സ്ഥലത്തായിരിക്കും. പിറവത്തടക്കം ജില്ലയുടെ കിഴക്കൻ മേഖലയിൽ മൂന്ന് സ്ഥലത്ത് ഇത്തരത്തിൽ സ്കാനിങ് സെന്ററുകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

# കാരുണ്യത്തിന്റെ പിതാവു പടിയിറങ്ങുന്നു

**ഫാ. ജോസി പൊന്നമ്പൽ** *MSFS*



**ബി**ഷപ് മാർ തോമസ് ചക്യത്ത് ചരിത്രം സൃഷ്ടിച്ചുകൊണ്ട് പടിയിറങ്ങുന്നു. പതിനാലുവർഷം എറണാകുളം - അങ്കമാലി അതിരൂപതയുടെ സഹായമെത്രാനും വികാരി ജനറാളുമെന്നനിലയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചതിനുശേഷം 75-ാം വയസ്സിൽ റിട്ടയർ ചെയ്യുന്ന കേരളത്തിലെ ആദ്യത്തെ മെത്രാനാണ് അദ്ദേഹം.

സാമൂഹികശാസ്ത്രത്തിൽ ഡോക്റ്ററേറ്റുനേടി സെമിനാരി പ്രഫസർ ആയിരിക്കുമ്പോൾ മുതൽ വിശ്വാസ സമൂഹത്തിന്റെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടി നിരന്തരം പരിപാടികൾ ആവിഷ്കരിക്കുക ബിഷപിന്റെ ശൈലി ആയിരുന്നു. ആലുവ സെമിനാരി പ്രഫസർ എന്ന നിലയിൽ കേരളത്തിനകത്തും പുറത്തും ധാരാളം ശിഷ്യസമ്പത്ത് അദ്ദേഹത്തിന് ഉണ്ടായിരുന്നു. മാർ തോമസ് ചക്യത്ത് തന്റെ ശിഷ്യഗണങ്ങൾക്ക് നല്കിയ പൈതൃകം സാമൂഹിക നവോത്ഥാനത്തിന്റെയും സാമൂഹിക പ്രതിജ്ഞബദ്ധതയുടേതുമായിരുന്നു. ഏതു പ്രവൃത്തിയിൽ വ്യാപാരിക്കുമ്പോഴും സമൂഹത്തിന്റെ വികസനമായിരിക്കണം ലക്ഷ്യമെന്നാണ് ബിഷപ് ചക്യത്ത് ശിഷ്യഗണങ്ങളെ പഠിപ്പിച്ചിരുന്നത്. എതു പരിപാടി ആവിഷ്കരിച്ചാലും അതിലൊക്കെ സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവർക്ക് എന്തു പ്രയോജനം ഉണ്ടാകുമെന്നു ചിന്തിക്കണമെന്ന ഗാന്ധിജിയുടെ ദർശനം നെഞ്ചിലേറ്റിയാണ് ബിഷപ് ചക്യത്ത് ജീവിച്ചിരുന്നത്.

സെമിനാരിക്കകത്തും പുറത്തും നിരവധി പ്രായോഗികപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് വിദ്യാർത്ഥികളെ അദ്ദേഹം പ്രബുദ്ധരാക്കി. ആലുവനഗരത്തിലെ കോളനികളിൽ കയറിച്ചെന്ന് അവിടത്തെ അവശരെയും ആലംബഹീനരെയുംകുറിച്ച് പഠിച്ച് അവർക്ക് വീടും ഭക്ഷണവും സംലബ്ദമാക്കാൻ ബിഷപ് സെമിനാരി വിദ്യർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശവും നേതൃത്വവും നല്കി.

ഹരിതകേരളം എന്നത് ബിഷപിന്റെ സ്വപ്നമായിരുന്നു. നിലവിലുള്ള പച്ചപ്പു നിലനിറുത്താനും നമ്മുടെ ചുറ്റും കൂടുതൽ ഹരിതാഭമായ അന്തരീക്ഷം ഉണ്ടാക്കാനും അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു.

ഒരു തലമുറയിലെ മുഴുവൻ സെമിനാരി വിദ്യർത്ഥികൾക്കും സാമൂഹികദർശനവും ഹരിതബോധവും നല്കിയതിലൂടെ അവർ വൈദികരായി സേവനം ചെയ്യുന്നിടത്ത് അധസ്ഥിത ജനങ്ങൾക്ക് ചൂടും കരുത്തും നല്കാൻ ഇടയാകുന്നുണ്ടെന്നത് ബിഷപ്പിന്റെ വലിയ നേട്ടമാണ്.


എറണാകുളം-അങ്കമാലി അതിരൂപതയിൽ ബിഷപ് ചക്യത്ത് നേതൃത്വം നല്കിയ എല്ലാ പ്രവർത്തനങ്ങളിലും സാമൂഹികദർശനം വ്യക്തമായിരുന്നു. അടുത്തകാലത്ത് പട്ടിമറ്റത്ത് ആരംഭിച്ച കാരുണ്യവിലാസ് എന്ന ബൃഹത്തായ പദ്ധതി അദ്ദേഹത്തിന്റെ സാമൂഹ്യത്വരയുടെ നിദർശനമാണ്. ഭവനരഹിതരായ ആയിരക്കണക്കിന് കുടുംബങ്ങളെ കുടിയിരുത്താനുള്ള പദ്ധതിയാണത്. അതിനുവേണ്ടി സമ്പന്നരുടെ കൈയ്യിൽ നിന്നും പണം വാങ്ങി അനേകം വീടുകൾ പണിത് പാവപ്പെട്ടവരെ അധിവസിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. അവിടെ സ്ത്രീകൾക്ക് വീട്ടിൽ ഇരുന്ന് ജോലിചെയ്തു വരുമാനം സമ്പാദിക്കാനുള്ള പദ്ധതി സ്ത്രീസംഘടനയിലൂടെ നടപ്പാക്കാനുള്ള ശ്രമം അദ്ദേഹം തുടരുന്നു.

ഇടക്കുന്നിലെ നൈപുണ്യ വിദ്യാലയം, കൊരട്ടിയിലെ നൈപുണ്യ കലാലയം, എറണാകുളത്തെ നൈപുണ്യ ഇന്റർനാഷണൽ സ്കൂൾ, തൃക്കാക്കരയിലെ നൈപുണ്യ സ്കൂൾ എന്നിങ്ങനെ എത്രയോ സ്ഥാപനങ്ങളാണ് ബിഷപ് ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയത്. ഈ സ്ഥാപനങ്ങളിലൂടെ അനേകം തൊഴിൽരഹിതർക്ക് തൊഴിലും അതുവഴി അവരുടെ കുടുംബങ്ങൾക്ക് രക്ഷയും കൈവന്നിരിക്കുന്നു. ഈ സ്ഥാപനങ്ങളെ അനുകരിച്ച് പല സമുദായങ്ങളും രൂപതകളും ഇത്തരം സ്ഥാപനങ്ങൾ തുടങ്ങിയെന്നത് പിതാവിന് അഭിമാനകരമാണ്. എല്ലാക്കാര്യത്തിനും സർക്കാർ ഏജൻസികളെ ആശ്രയിക്കാതെ സ്വയം തൊഴിൽ സമ്പാദിക്കാനുള്ള മാർഗ്ഗം കാണിച്ചുകൊടുത്തതുവഴി വിലപ്പെട്ട സേവനമാണ് സമൂഹത്തിന് ബിഷപ് ചക്യത്ത് നല്കിയിരിക്കുന്നത്.

അനുകമ്പയോടെ വേദനിക്കുന്നവരുടെ അശ്രുകണങ്ങൾ ഒപ്പിയെടുത്ത് അവർക്ക് ആശ്വാസം നല്കുന്ന ബിഷപ്പിനെ കാരുണ്യത്തിന്റെ പിതാവെന്നേ വിശേഷിപ്പിക്കാനാകൂ. വിവിധ മതക്കാരെ ഒന്നിച്ചു കൂട്ടാനും ഒന്നിച്ച് പ്രാർത്ഥിക്കാനും ഹൃദയഗതങ്ങൾ പങ്കുവെയ്ക്കാനും കെ.സി.ബി.സി. തലത്തിൽ ഫോറങ്ങൾ ഉണ്ടാക്കാൻ ബിഷപ്പ് മാർ തോമസ് ചക്യത്ത് കാണിച്ച ശ്രദ്ധ നമ്മുടെ സംസ്കാരിക രംഗത്തിന് വലിയ മുതൽക്കുട്ടായിയെന്നത് ശ്രദ്ധേയമായ കാര്യമാണ്. ദീർഘനാൾ കെ.സി.ബി.സി മാധ്യമകമ്മീഷന്റെയും ഐക്യജാഗ്രതാകമ്മീഷന്റെയും ചെയർമാനെന്ന നിലയിൽ കേരളത്തിലെ മാധ്യമ-സാമൂഹിക സാസംകാരികരംഗത്ത് പുതിയ തരംഗം ഉണ്ടാക്കാനും മാധ്യമപ്രവർത്തകരെ ഒന്നിച്ചിരുത്തി ക്രിയാത്മകമായ മാധ്യമസംസ്കാരത്തിനും ഇടപെടലുകൾക്കും വഴി തെളിക്കാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തനങ്ങൾ കേരളസഭയ്ക്കും കേരളജനതയ്ക്കും തുടർന്നും പ്രചോദനമേകട്ടെ.

# ഏക ജാലകത്തിന്റെ ജാലവിദ്യകൾ

ബിഷപ് സ്റ്റാൻലി റോമൻ



വിദ്യാർത്ഥി പ്രവേശനം ഏക ജാലകത്തിലാക്കിയത് വിപ്ലവകരമായ മാറ്റമായി ചിലരെങ്കിലും ഇപ്പോഴും ചിത്രീകരക്കുന്നുണ്ട്. എന്നാൽ ഈ പ്രവേശന പ്രക്രിയയിൽ കൂടിയിരിക്കുന്ന അനീതിയും അഴിമതിയും അപകടങ്ങളും വേണ്ട വിധത്തിൽ വിലയിരുത്തപ്പെട്ടിട്ടുണ്ടോ എന്ന് സംശയമുണ്ട്. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് കടന്നുവരുന്ന നിലവാരത്തകർച്ചക്കും ഒരു കാരണം ഈ നീണ്ടുപോകുന്ന പ്രവേശന പ്രക്രിയയാണെന്നു തിരിച്ചറിയുമ്പോഴാണ് "വിപ്ലവകരമായ" നീക്കത്തിന്റെ ആഘാതശേഷി എത്രമാത്രമെന്ന് വിലയിരുത്തപ്പെടുന്നതെന്നു പറയാം.

ഓരോ വിദ്യാലയവും അവിടെ ലഭിക്കുന്ന അപേക്ഷകളിൽ ഏറ്റവും യോഗ്യരായവരെ മെരിറ്റനുസരിച്ചു പ്രവേശിപ്പിക്കുന്ന സമ്പ്രദായമാണ് ഏതാണ്ട് അഞ്ചു വർഷം മുമ്പുവരെ നിലനിന്നിരുന്നത്. പഞ്ചായത്തുതോറും ഹയർ സെക്കൻഡറികൾ എന്ന പ്രാദേശികത്വവും ഹയർസെക്കൻഡറി വിദ്യാഭ്യസരംഗത്തുണ്ടായിരുന്നു. പ്രവേശനം കിട്ടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റു പ്രസിദ്ധീകരിക്കുകയും സർക്കാരിനു പരിശോധനക്കു നല്കുകയും ചെയ്തിരുന്നു. സർക്കാർ ഹയർ സെക്കൻഡറി അദ്ധ്യപകരെ നിയോഗിച്ച് ഈ പ്രവേശന പ്രക്രിയയുടെ രേഖകൾ പരിശോധിച്ച് പിഴവുണ്ടെങ്കിൽ നടപടി എടുക്കുന്ന രീതിയും നിലനിന്നിരുന്നു. ചുരുക്കത്തിൽ ലളിതവും സർക്കാരിന്റെ മേൽനോട്ടത്തിലും ആയിരുന്നു പ്രവേശനം നടന്നിരുന്നത്. കേവലം രണ്ടാഴ്ച കൊണ്ട് പ്രവേശനം പൂർത്തിയാക്കാനും കഴിഞ്ഞിരുന്നു.

ഇങ്ങനെയുള്ള സർക്കാറിന്റെ മേൽ നോട്ടത്തിൽ നടന്ന, സുതാര്യമായ പ്രവേശന പ്രക്രിയയിൽ അഴിമതി ആരോപിക്കപ്പെട്ട് വേറൊരു സർക്കാർ സംവിധാനത്തിലേക്കും സങ്കിർണ്ണതയിലേക്കും പ്രവേശന പ്രക്രിയ പോയി എന്നതാണ് വിചിത്രമായ കാര്യം. സർക്കാരിന്റെ മേൽനോട്ടത്തിലാണെങ്കിൽ പോലും സ്വകാര്യമേഖല ഉത്തരവാദിത്തങ്ങൾ കൈകാര്യം ചെയ്തുകൂടെ എന്ന പ്രത്യയശാസ്ത്രപരമായ നിലപാടും ഈ പ്രവേശന പ്രക്രിയ മാറ്റിമറിച്ചതിൽ ഉണ്ടായിരുന്നു. എല്ലാക്കാര്യങ്ങളും സർക്കാർ നേരിട്ടു ചെയ്താൽ മാത്രം ശരിയാകും എന്ന അസംബന്ധ ചിന്ത വ്യാപകമായി നമ്മുടെ നാട്ടിൽ പ്രചരിച്ചിട്ടുണ്ടുതാനും. സർക്കാരിന്റെ സംവിധാനം തന്നെ



അഴിമതിക്ക് ഇടയാക്കുന്നുവെന്നു പറഞ്ഞ് കടുത്ത സർക്കാർ സംവിധാനം ഏർപ്പെടുത്തുന്ന രീതിയാണ് ഇവിടെ കടന്നുവരുന്നത്.

കേവലം രണ്ടാഴ്ച കൊണ്ടു പൂർത്തിയായിരുന്ന വിദ്യാർത്ഥി പ്രവേശനം രണ്ടു മാസത്തിനും അപ്പുറത്തേക്കു നീളുന്നുവെന്നതാണ് ഏകജാലകത്തിന്റെ ഒരു നേട്ടം! ഈ വർഷത്തെ ഹയർസെക്കൻഡറി പ്രവേശനം തന്നെ ഉദാഹരണം. വിദ്യാഭ്യാസ വകുപ്പിന്റെ കഠിനദ്ധ്വാനം കൊണ്ട് ഏപ്രിലിൽ തന്നെ എസ്.എസ്.എൽ.സി. റിസൽട്ടു പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. പ്രവേശന പ്രക്രിയ ഏക ജാലകത്തിൽ അല്ലായിരുന്നുവെങ്കിൽ ജൂൺ 1-ാം തീയതി തന്നെ ഹയർസെക്കൻഡറി ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയുമായിരുന്നു. എന്നാൽ ഒരു മാസം വൈകി ജൂൺ അവസാനം ക്ലാസ്സുകൾ ആരംഭിച്ചു. യോഗ്യരായ വിദ്യാർത്ഥികളിൽ 80,000 പേർ വിദ്യാർത്ഥികൾ പ്രവേശനം കിട്ടാതെ പുറത്തു നില്ക്കുന്നു. ഓഗസ്റ്റു മാസം പകുതിയോളം ഈ പ്രവേശന പ്രക്രിയ നീളുമെന്നാണു കാണുന്നത്.

പത്തുമാസം നീളുന്ന വിദ്യാലയ വർഷത്തിൽ നാലിലൊന്ന് ഈ ഏകജാലക പ്രക്രിയകൊണ്ടു നഷ്ടപ്പെടുന്നത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെയാണു ബാധിക്കുന്നത്. വിദ്യാർത്ഥികൾ എത്താതെ ക്ലാസ്സുകൾ പൂർണ്ണമായി ആരംഭിക്കാനാവില്ലല്ലോ. പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ പരാജയത്തെ വിലയിരുത്തുമ്പോൾ അടിസ്ഥാന വിദ്യാഭ്യാസത്തിലെ ഈ തകർച്ചയും പ്രവേശന പ്രക്രിയയും വിലയിരുത്തപ്പെടേണ്ടതാണ്. ഇടതുപക്ഷം ഭരിച്ചുകൊണ്ടിരുന്നപ്പോഴും ഈ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുകയും പ്രതിവിധിനേടുകയും ചെയ്തിരുന്നുവെങ്കിലും നാടിന്റെയും വിദ്യാർത്ഥികളുടെയും നന്മയെക്കാൾ പ്രത്യയശാസ്ത്രത്തിനു പ്രാധാന്യം കൊടുത്തവർ ഇതെല്ലാം അവഗണിക്കുകയായിരുന്നു.

അദ്ധ്യായനമാസങ്ങൾതന്നെ നഷ്ടപ്പെടുത്തുന്ന ഈ ഏക ജാലക പ്രക്രിയ സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോഴും വിദ്യാർത്ഥികൾ പുറത്തുനില്ക്കേണ്ട സാഹചര്യം സൃഷ്ടിക്കുന്നു. ഉദാഹരണമായി ഇപ്പോഴും പല സർക്കാർ ഹയർസെക്കൻഡറികളിലും സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോൾത്തന്നെ രണ്ടുലക്ഷത്തോളം വിദ്യാർത്ഥികൾ പ്രവേശനം കിട്ടാതെ നില്ക്കുന്നു. 30,000 സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോഴാണ് വിദ്യാർത്ഥികൾ പ്രവേശനം കിട്ടാതെ പുറത്തു നില്ക്കേണ്ടി വരുന്നത് വിചിത്രമായ ഈ സാഹചര്യം ഈ പ്രവേശന പ്രക്രിയ അവലംബിച്ചപ്പോൾ മുതൽ ഉള്ളതാണുതാനും.

ലളിതമായിരുന്ന പ്രവേശന രീതി സങ്കീർണ്ണമാക്കി എന്നതാണ് ഏകജാലകത്തിന്റെ മറ്റൊരുനേട്ടം! ഒപ്പം സുതാര്യത നഷ്ടപ്പെട്ടതും. എന്തുകൊണ്ടു തന്നെ

ക്കാൾ മാർക്കു കുറഞ്ഞ ഒരാൾ തനിക്കു മുമ്പേ വിദ്യാലയ പ്രവേശനം നേടി എന്നന്വേഷിക്കുന്ന വിദ്യാർത്ഥികൾ അനവധിയാണ്. ഇതിനു ന്യായീകരണം നല്കാൻ മിക്കവാറും അദ്ധ്യാപകർക്കും കഴിയുന്നുമില്ല.

അലോട്ട്മെന്റുകൾ പലതു നടക്കുന്നുണ്ട് ചിലവർഷങ്ങളിൽ നാല് അലോട്ടുമെന്റിനുശേഷം വീണ്ടും ആദ്യം മുതൽ ആരംഭിക്കുന്നു. എന്നുവച്ചാൽ മെരിറ്റ് അട്ടിമറിക്കുന്നു. ചില സാഹചര്യങ്ങളിൽ പ്രശ്ന പരിഹാരത്തിനായി ആരേയും പ്രവേശിപ്പിക്കാൻ പോലും വിദ്യാഭ്യാസവകുപ്പ് അനുവദിച്ചിട്ടുണ്ട്.

ഈ വർഷം തന്നെ രണ്ട് അലോട്ടമെന്റിനു ശേഷം വിദ്യാലയ മാററം അനുവദിച്ചതുകൊണ്ട് നല്ല വിദ്യാലയങ്ങളിൽ പ്രവേശനം തേടിയ നല്ല മാർക്കുള്ള വിദ്യാർത്ഥികൾ പുറത്തിരിക്കുമ്പോൾത്തന്നെ സർക്കാർ വിദ്യാലയങ്ങളിൽ പ്രവേശനം സിദ്ധിച്ച മാർക്കുകുറഞ്ഞവർ ആ വിദ്യാലയങ്ങളിലേക്ക് മാറ്റം വാങ്ങിച്ചു പോയി. ഫലമോ മെറിറ്റ് അട്ടിമറിക്കപ്പെട്ടു. ഇതിനുമുമ്പും ഇതുപോലെയുള്ള വിദ്യാലയ മാററം അനുവദിച്ച് മെറിറ്റ് അട്ടിമറിക്കപ്പെട്ടിട്ടുണ്ട്.

ഏകജാലകം ചെലവേറിയതാണ്; സർക്കാറിന് കോടികൾ ബാദ്ധ്യത വരുത്തുന്ന സംവിധാനമാണ്. ഒപ്പം അതിനു വേണ്ടി നിയോഗിക്കപ്പെടുന്ന അദ്ധ്യാപകരുടെ സേവനം വിദായലയങ്ങൾക്കു നഷ്ടപ്പെടുന്നതും വിദ്യഭ്യാസത്തെ ബാധിക്കുന്നു. 'ഇന്റെർ നെറ്റ് കഫേ'കളിൽ തങ്ങളുടെ പ്രവേശനം പല പ്രാവശ്യം തിരയേണ്ടിവരുന്ന വദ്യാർത്ഥികൾക്കും പണനഷ്ടം കനത്ത തോതിൽ ഉണ്ടാകുന്നു.

സുതാര്യത ഇല്ലാത്തതാണ് മറ്റൊരു പ്രശ്നം ഒപ്പം അനിശ്ചിതത്വവും. ഈ വർഷം പ്രവേശനം കിട്ടാതെ ആത്മഹത്യ ചെയ്ത രേഷ്മയും ഏകജാലക പ്രക്രിയ ആരംഭിച്ച ഘട്ടത്തിൽ ആത്മഹത്യചെയ്ത വിദ്യാർത്ഥികളും ഈ ഒരു പ്രക്രിയ വഴിയുണ്ടായ ദുരന്തങ്ങൾ മാത്രമാണ്; ഇനിയും ആവർത്തിക്കപ്പെടാവുന്ന ദുരന്തം.

പലവിദ്യാർത്ഥികൾക്കും പ്രവേശനം കിട്ടുന്നത് വിദൂരങ്ങളിലുള്ള വിദ്യാലയങ്ങളിലാണ് എന്ന പ്രതിസന്ധിയും ഈ പ്രക്രിയ വഴി ഉണ്ടാകുന്നു. അതുകൊണ്ടു പഠനം വേണ്ടെന്നു വച്ചവരും അനവധിയാണ്. പെൺകുട്ടികളെ അകലെക്കുള്ള വിദ്യാലയങ്ങളിൽ അയക്കാൻ ഭയപ്പെടുന്ന അനേകം മാതാപിതാക്കളുണ്ട്.

ലളിതമായ പ്രവേശന പ്രക്രിയയിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അതുപരിഹരിക്കുന്നതിനു പകരം അത് സങ്കീർണ്ണവും വ്യാപകമായ ദുരനുഭവങ്ങളും നിലവാരത്തകർച്ചയും തരുന്നതുമായ മറ്റൊരു പ്രക്രിയയിലേക്കു മാറ്റിയതാണ് ഇന്നത്തെ പ്രതിസന്ധിക്കു കാരണം. ഈ സാഹചര്യത്തിൽ സർക്കാർ മേൽ നോട്ടത്തിൽ ഓരോ വിദ്യാലയവും ലളിതമായ പ്രവേശനരീതി തന്നെയാണ് അഭികാമ്യം. അതിനുള്ള ആർജവത്വവും നിശ്ചയദാർഢ്യവും ഉത്തരവാദിത്വവും സർക്കാരിനുണ്ടോ എന്നതാണ് ഉയർന്നുവരുന്ന ചോദ്യം.

## "കൗമാരവിദ്യാഭ്യാസം" പ്രകാശനം ചെയ്തു

കൊച്ചി: മനുഷ്യനെ സംബന്ധിക്കുന്ന വസ്തുനിഷ്ഠസത്യത്തോടു ചേർന്ന ലൈംഗികവിദ്യാഭ്യാസം കൗമാരക്കാർക്കു ലഭിക്കുന്നത് ജീവിതം ശരിയായ ദിശയിൽ കരുപ്പിടിപ്പിക്കുന്നതിന് ആവശ്യമെന്നു സീറോ മലബാർ സഭയുടെ പരമാധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പ്രസ്താവിച്ചു. സമൂഹം ഇന്ന് ആപേക്ഷികതാവാദത്തിനു വിധേയമാകുന്ന സാഹചര്യത്തിൽ ഇത് എത്രയും പ്രധാനപ്പെട്ട കാര്യമാണെന്നും ആപേക്ഷികതാവാദം എന്തുംചെയ്യാനുള്ള സ്വാതന്ത്ര്യമാണ് വാഗ്ദാനം ചെയ്യുന്നതെന്നും യുവജനങ്ങൾ അതിൽ ആകുലരാകുന്നുവെന്നും അതു സമൂഹജീവിതം അസ്വസ്ഥതാപൂർണമാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. കെ.സി.ബി.സി. ഫാമിലി കമ്മീഷൻ മുഖ്യമായും പ്ലസ് 1, പ്ലസ് 2 വിദ്യാർത്ഥികൾക്കുവേണ്ടി തയ്യാറാക്കിയ 'കൗമാര വിദ്യാഭ്യാസം' എന്ന ഗ്രന്ഥം കേരളലത്തീൻ സഭാതലവൻ ആർച്ച്ബിഷപ്പ് സൂസാപാക്യത്തിന് പ്രഥമകോപ്പി നല്കി പ്രകാശനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ കേരള കത്തോലിക്കാസഭയിലെ മെത്രാന്മാർക്കു പുറമേ, കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഡോ. സ്റ്റീഫൻ ആലത്തറ, വിവിധ കെ.സി.ബി.സി. കമ്മീഷൻ സെക്രട്ടറിമാർ ശ്രീ. ആന്റണി ചടയംമുറി എന്നിവരും സന്നിഹിതരായിരുന്നു. കെ.സി.ബി.സി. ഫാമിലി കമ്മീഷൻ ചെയർമാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, സെക്രട്ടറി ഫാ. ജോസ് കോട്ടയിൽ എന്നിവർ പ്രസംഗിച്ചു.

## ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ സാമൂദായിക നീതി നടപ്പിലാക്കണം: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

സംസ്ഥാന സർക്കാർ ന്യൂനപക്ഷ ക്ഷേമവകുപ്പിലൂടെ ഏർപ്പെടുത്തുന്ന വിവിധ ക്ഷേമപദ്ധതികളിൽ സുതാര്യതയുണ്ടാകണമെന്നും എല്ലാ ന്യൂനപക്ഷ സമുദായ വിഭാഗങ്ങൾക്കും പദ്ധതി പങ്കാളിത്തവും സാമൂദായിക നീതിയും ഇക്കാര്യത്തിൽ ലഭിക്കണമെന്നും സീറോ മലബാർ സഭ അല്മായ കമ്മീഷൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

ന്യൂനപക്ഷ ക്ഷേമപദ്ധതികൾക്കു ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ വ്യക്തമായ മാനദണ്ഡങ്ങളുണ്ടാകണം.

ഒരു സമൂദായത്തിനുമാത്രം മുൻഗണന നല്കി ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതു കടുത്ത അനീതിയും ഇതര ന്യൂനപക്ഷ വിഭാഗങ്ങളെ ആക്ഷേപിക്കുന്നതുമാണെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ പറഞ്ഞു.

യുവജന പരിശീലന കേന്ദ്രങ്ങൾ ഒരു പ്രത്യേക സമുദായത്തിനു മാത്രമായി നടപ്പിലാക്കുന്നതു ശരിയല്ല. ആയിരം ന്യൂനപക്ഷ പദ്ധതി പ്രമോട്ടർമാർ, വിവിധ പ്രീ-എക്സാമിനേഷൻ സെന്റുകൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ഭവനവായ്പാ സഹായങ്ങൾ ആദിയായവ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും തുല്യ അർഹതയുള്ള സർക്കാർ പദ്ധതികളാണ്. 14 ജില്ലാ കേന്ദ്രങ്ങളിലെ മൈനോരിറ്റി സെല്ലുകളിലെ ഉദ്യോഗസ്ഥ വിന്യസത്തിലും അപാകതയുണ്ട്.

ന്യൂനപക്ഷ പദ്ധതികളുടെ മറവിൽ ചിലർ സ്വന്തം സമൂദായ അജൻഡകൾ നടപ്പിലാക്കാൻ സർക്കാർ സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തുകയാണെന്ന് അല്മായ കമ്മീഷൻ ആരോപിച്ചു.

## വിദ്യാഭ്യാസ വകുപ്പിന്റെ നിലപാട് വിദ്യാഭ്യാസനിലവാരം തകർക്കും:

**മാർ ജോസഫ് പവ്വത്തിൽ**

വിദ്യാഭ്യാസരംഗത്തു നിലവാരത്തകർച്ചയെന്നു വിലപിക്കുമ്പോൾതന്നെ ബോധപൂർവ്വം വിദ്യാഭ്യാസനിലവാരം തകർക്കാൻ ഉത്തരവിറക്കുകയും നിർബന്ധിക്കുകയും ചെയ്യുന്ന നിലപാടാണു വിദ്യാഭ്യാസ വകുപ്പിന്റേതെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ.

പ്രഫഷണൽ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയ്ക്കെതിരായ സർക്കാർ നിലപാട് ശ്ലാഘനീയമാണ്. എന്നാൽ അതേ സർക്കാർ തന്നെ നിർബന്ധപൂർവം ഹയർ സെക്കൻഡറികളിൽ 20% കൂടി വിദ്യാർഥികളെ പ്രവേശിപ്പിക്കണമെന്ന് ഉത്തരവിറക്കിയിരിക്കുന്നു. മൂന്നര ലക്ഷത്തോളം വരുന്ന വിദ്യാർഥികളുടെ വിദ്യാഭ്യാസം ബോധപൂർവം തകർക്കുന്ന നിലപാടാണിത്. ഈ വിദ്യാർഥികൾ ആവശ്യത്തിനു കംപ്യൂട്ടറും, ലാബും, ക്ലാസ് മുറികളുമില്ലാതെ പഠിക്കണമെന്നു നിർബന്ധിക്കുന്നത് അനീതിയാണ്. വിദ്യാർഥികളുടെ അവകാശം നിഷേധിക്കലാണ്: മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി.

25000ത്തോളം ഹയർ സെക്കൻഡറി സീറ്റുകൾ, പ്രധാനമായും സർക്കാർ ഹയർ സെക്കൻഡറികളിൽ വിദ്യാർഥികളില്ലാതെ ഒഴിഞ്ഞുകിടക്കുമ്പോഴാണ് 20% സീറ്റ് വർധിപ്പിച്ച് ഉത്തരവിറക്കിയിരിക്കുന്നത്. ബന്ധപ്പെട്ടവരോട് യാതൊരു ആലോചനയുമില്ലാതെയുള്ള ഈ നടപടി സർക്കാർ വിദ്യാലയങ്ങളിൽ നിന്ന് എയ്ഡഡ് വിദ്യാലയങ്ങളിലേക്കുള്ള വിദ്യാർഥികളുടെ ഒഴുക്കിനു മാത്രമേ ഇടയാക്കൂ.

അതിന്റെ ഫലം സർക്കാർ വിദ്യാലയങ്ങൾ വിദ്യാർഥികളില്ലാതെയും എയ്ഡഡ് വിദ്യാലയങ്ങൾ വിദ്യാർഥികളുടെ ആധിക്യം മൂലവും വേണ്ടത്ര സൗകര്യങ്ങളില്ലാതെയും പൊതുവിൽ

വിദ്യാഭ്യാസം തകരാറിലാകുമെന്നതു തന്നെ - മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി.

മാധ്യമവിചാരം



# കൊലപാതകത്തിനെതിരെ കാരുണ്യ പ്രവർത്തനം

**സാബു ജോസ് എറണാകുളം**

ടി.പി. ചന്ദ്രശേഖരന്റെ വധത്തിനു പിന്നിൽ പ്രവർത്തിച്ച പ്രതികളെ പോലീസ് കസ്റ്റഡിയിലെടുക്കുകയും കേസ് ചർച്ചയ്ക്ക് സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. അന്വേഷണത്തിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥരുടെ ചിത്രങ്ങൾ സഹിതമാണ് പ്രമുഖ പത്രങ്ങൾ ആ വാർത്ത പ്രസിദ്ധീകരിച്ചത്. സി.പി.എം ൽ ടി.പി. യോട് ആഭിമുഖ്യമുള്ളവർ വിലക്കുകൾ ലംഘിച്ച് പാർട്ടിക്കുള്ളിൽ നിന്ന് (ഇത് പത്രത്തിലെ വാചകമാണ്!)14 ലക്ഷം രൂപ സ്വരൂപിച്ച് നൽകിയെന്നും മാധ്യമങ്ങളിലൂടെ നാം അറിഞ്ഞു. ഈ തുക ഉപയോഗിച്ച് അടച്ചുതീർത്ത ബാങ്ക്വായ്പയുടെ രസീത്, വിധവയായ കെ.കെ. രമയ്ക്ക് കൈമാറിയപ്പോൾ അത് മനുഷ്യസ്നേഹത്തിന്റെ സാഹോദര്യത്തിന്റെ ഉത്തമമാതൃകയായി മാറി.

ആശയങ്ങൾ വ്യത്യസ്ത നിലപാടുകളിലേക്ക് വ്യക്തികളെ നയിക്കാം എന്നാൽ വേറിട്ടു ചിന്തിക്കുന്നവനെ ആയുധം കൊണ്ട് നേരിടുന്നത് അധികമാരും അംഗീകരിക്കുകയില്ല. കുലംകുത്തിയെന്ന് വിളിക്കാനും, കൊലപാതകത്തിലൂടെ ഏതെങ്കിലും നേതാവിനെ നേരിടാനും ഇനി ആരും മുന്നോട്ടു വരുകയില്ലെന്നു നമുക്ക് പ്രത്യാശിക്കാം.

### തൊടുക അല്ലെങ്കിൽ തൊഴിക്കുക

"മീഡിയ സംബന്ധമായ സെമിനാറുകളും വർക്ക്ഷോപ്പുകളും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. മീഡിയ എന്ന സാധനത്തിന് എന്തോ ഒരു വശീകരണശക്തിയുണ്ട്. ഐശ്വര്യറായ്, വിദ്യാബാലൻ എന്നൊക്കെ കേൾക്കുമ്പോൾ നമുക്കൊരു ത്രില്ല് തോന്നാറുണ്ടല്ലോ. അതുപോലെ പത്രം, ചാനൽ എന്നൊക്കെ കേൾക്കുമ്പോൾ ആൾക്കാർക്ക് ഒരു കൗതുകം. ഒരു രസം" - ഈ വാക്കുകൾ പ്രമുഖ പത്രപ്രവർത്തകൻ ടി.ജെ.എസ്. ജോർജിന്റേതാണ്.

ഒന്നു തൊടണമെന്നു തോന്നുക, അല്ലെങ്കിൽ ഒന്നു തൊഴിക്കണമെന്നു തോന്നുക. അതും ഒരു ത്രില്ലാണല്ലോ. മാധ്യമങ്ങളെ ചവിട്ടാനും തൊഴിക്കാനും ഒരു പ്രത്യേക ഉത്സാഹമുണ്ട്. അവർക്കു വേണ്ട പ്രോത്സാഹനം മാധ്യമങ്ങൾ തന്നെ നൽകുന്നില്ലേ എന്നു നാം ചോദിക്കണം. മാധ്യമസംസ്കാരം ഒരു വഴിത്തിരിവിലാണെന്ന അഭിപ്രായം എനിക്കുണ്ട് - കോഴിക്കോട്ട് കേരള പ്രസ് അക്കാദമി സംഘടിപ്പിച്ച മാധ്യമ സെമിനാറിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

'കലികാല മാധ്യമം' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ശക്തമായ ചില നിരീക്ഷണങ്ങൾ നടത്തി. കാലഘട്ടത്തിന്റെ ചട്ടക്കൂടിലാണ് മാധ്യമങ്ങളുടെ സ്ഥിതി എന്നതാണ് അടിസ്ഥാന സത്യം. ഇന്നത്തെ കാലഘട്ടം, ശരിക്കും കലികാലമാണ്. കലികാലത്തിന്റെ അപചയങ്ങൾ മാധ്യമ പ്രവർത്തനത്തെയും ബാധിക്കുന്നുണ്ട്. ധർമ്മം, അധർമ്മം, നേര്, കള്ളം - ശത്രു, മിത്രം - ഒക്കെ കുഴഞ്ഞു മറിഞ്ഞു കിടക്കുകയാണ് നമ്മുടെ ചുറ്റും. ഇതറിയുക എന്നതാണ് നമ്മുടെ ആദ്യത്തെ ചുമതല. അതിനുശേഷം ഈ കുഴഞ്ഞു മറിഞ്ഞ സാമൂഹികരാഷ്ട്രീയ സാഹചര്യത്തിൽ മാധ്യമപ്രവർത്തനം എത്രകണ്ടു സുഗമമാണ് അല്ലെങ്കിൽ സുഗമമല്ല എന്നു മനസ്സിലാക്കാൻ ശ്രമിക്കുക.

ഒപ്പം ഒന്നുകൂടെ മനസ്സിലാക്കണം എന്നുകൂടി അദ്ദേഹം മാധ്യമപ്രവർത്തകരെ ഓർമ്മിപ്പിച്ചു. ഒഴുക്കിന് എതിരായി പലപ്പോഴും നീന്തേണ്ടിവരും. അതിനുള്ള കഴിവും സന്നദ്ധതയുമാണ് ജേർണലിസത്തിന്റെ ശക്തി. പൊതുവായി പറഞ്ഞാൽ, ഇന്നത്തെ മാധ്യമ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ മൂന്നു കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്. ഒന്ന്

നമ്മുടെ ചരിത്രപരമായ പൈതൃകം, രണ്ട് പത്രപ്രവർത്തനത്തിന്റെ പ്രൊഫഷണൽ വശങ്ങൾ, മൂന്ന് പത്രധർമ്മം.

ഈ പ്രഭാഷണത്തിൽ അദ്ദേഹം പത്രധർമ്മത്തെകുറിച്ച് വിശദീകരിച്ചിരുന്നു. പത്രാധിപർ ഇല്ലാത്ത പത്രങ്ങൾ, പെയ്ഡ് ന്യൂസ്, കുഴൽപ്പണം സ്വീകരിക്കുന്ന പത്രാധിപന്മാർ,.... എന്നിവയെക്കുറിച്ചെല്ലാം ഉദാഹരണങ്ങൾ സഹിതം പ്രസംഗിച്ചു. എഡിറ്റർക്ക് പകരം ഇപ്പോൾ ചില പ്രസിദ്ധീകരണങ്ങളിൽ "എഡിറ്റർ കേരള മാർക്കറ്റ്, എഡിറ്റർ ഡെൽഹി മാർക്കറ്റ്" എന്ന് ചേർക്കുന്നത് ചന്തയുടെ ഒരു ഭാഗമായി പത്രാധിപർ മാറുന്നതിന്റെ ഭാഗമാണെന്ന് ചൂണ്ടിക്കാട്ടി. പത്രാധിപരുടെ ചുമതലകൾ വഹിക്കുന്നതും, തീരുമാനങ്ങൾ എടുക്കുന്നതും. മാർക്കറ്റിംഗ് ഉദ്യോഗസ്ഥരാകുമ്പോൾ പത്രധർമ്മം എങ്ങനെ പാലിക്കപ്പെടുമെന്ന് പ്രശസ്തനായ ആ മാധ്യമ പ്രവർത്തകൻ ചോദിച്ചു.

വിശ്വസിക്കാവുന്ന പത്രപ്രവർത്തകനെന്ന് വായനക്കാർ അംഗീകരിച്ചാൽ, അതാണ് ഒരു ജേർണലിസ്റ്റിനു കിട്ടാവുന്ന ഏറ്റവും വിലയേറിയ സ്വത്ത്. അതുമാത്രമാണ് ശാശ്വതം. ശാശ്വതമായ മൂല്യങ്ങളിൽ ശക്തി കണ്ടെത്താൻ അദ്ദേഹം പുതുതലമുറയിലെ മാധ്യമപ്രവർത്തകരോട് ആഹ്വാനം ചെയ്തു. വിശ്വസിക്കാവുന്ന നിരവധി പത്രപ്രവർത്തകർ നമ്മുടെ സമൂഹത്തിൽ ഉണ്ടാകാൻ നമുക്ക് പ്രാർത്ഥിക്കാം. വിശ്വസിക്കാവുന്ന പത്രാധിപരും, മാധ്യമ ഉടമസ്ഥരും ഈ കാലഘട്ടത്തിന്റെ അടിയന്തരാവശ്യമാണ്.

# ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിന്റെ നീക്കം അപ്രായോഗികം: കെ.സി.ബി.സി

ഹയർ സെക്കൻഡറി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളൊന്നും ഒരുക്കാതെ നിലവിലുള്ളതിന്റെ ഇരുപതു ശതമാനം കൂടി വിദ്യാർത്ഥികളെ നിർബന്ധിച്ചു പ്രവേശിപ്പിക്കാനുള്ള വിദ്യാഭ്യാസ വകുപ്പിന്റെ നീക്കം അപ്രായോഗികവും നിരുത്തരവാദപരവുമാണെന്ന് കെ.സി.ബി.സി. വിദ്യഭ്യാസ കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ പ്രസ്താവിച്ചു.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ട കടമ മാനേജർമാർക്കായിരിക്കെ കൂടിയാലോചനകളൊന്നും നടത്താതെയും ക്ലാസുമുറികളും ലാബും ലൈബ്രറിയും ഒന്നും ഒരുക്കാതെയും നടത്തുന്ന ഏകപക്ഷീയമായ ഈ നീക്കം വിദ്യാഭ്യാസരംഗം താറുമാറാക്കാനേ ഉപകരിക്കൂ. സുതാര്യത ഇല്ലാത്തതും കാലതാമസം വരുത്തുന്നതും പരാജയമെന്നു അദ്ധ്യാപകരും വിദ്യാർത്ഥികളും അംഗീകരിക്കുന്നതുമായ ഏക ജാലകത്തിലുള്ള പ്രവേശന പ്രക്രിയയാണ് സർക്കാർ വിദ്യാലയങ്ങളിൽ പലതിലും വിദ്യാർത്ഥികളില്ലാതെ കിടക്കുമ്പോഴും പ്രവേശനം തേടി വിദ്യാർത്ഥികൾ പുറത്തു നില്ക്കുന്ന ഇന്നത്തെ സാഹചര്യം സൃഷ്ടിക്കുന്നത്.

ക്ലാസ്സുകൾ ആരംഭിച്ച് മൂന്നാഴ്ചകൾക്കു ശേഷം നടത്തുന്ന ഈ നീക്കം അസമയത്തും അസ്ഥാനത്തും ഉള്ളതാണ്. ആവശ്യമായ സ്ഥലങ്ങളിൽ ഹയർ സെക്കൻഡറികൾ ആരംഭിച്ചും കൂടുതൽ ബാച്ചുകൾ തുടങ്ങിയും പരിഹരിക്കേണ്ട പ്രശ്നം കേവലം സർക്കാർ ഉത്തരവിലൂടെ കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു മാത്രം പരിഹാരം തേടുന്ന വിദ്യാഭ്യാസ വകുപ്പിന്റെ നിലപാട് വിചിത്രമാണ്.

(ദീപിക July 20)


JOIN MERCHANT NAVY
B.Sc NAUTICAL SCIENCE /
B-TECH MARINE ENGINEERING

*India's First fully Automated Ship in Campus at Cochin with full handling Simulator*

B-TECH MARINE ENGINEERING
4 Year Residential Programme
Eligibility: Plus 2 with PCM 60% English 50% Marks / Age below 25 years

LATERAL ENTRY TO
B-TECH MARINE ENGINEERING
Eligibility: Holder of Diploma in Mechanical / Electrical / Electronics

DIPLOMA NAUTICAL SCIENCE
Leading to B Sc Nautical Science (IMU)
Eligibility: Plus 2 with PCM 55% Marks / Age below 25 years

G. P. RATING COURSE
Eligibility: 10th Pass with Minimum 40% & English 40% Marks / Age below 25 years

Euro Tech
MARITIME ACADEMY

Approved by Directorate General of Shipping Govt. of India and Indian Maritime University, Chennai

Opp. TVS, Kaloor, Kochi- 17. PH: 0484- 2340099, 2337611, 4046415.
www.eurotechmaritime.org, e-mail: europltd@yahoo.co.in

## സാമൂഹ്യനിർമിതിയുടെ നല്ല പാഠങ്ങൾ

മാധ്യമങ്ങൾ വാർത്തകളും വീക്ഷണങ്ങളും അവതരിപ്പിക്കുന്നതിനും അപ്പുറം ചില ദൗത്യങ്ങളും ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ഏഷ്യാനെറ്റിന്റെ 'കണ്ണാടി' മനോരമ ന്യൂസിന്റെ 'കാഴ്ച' എന്നീ പരിപാടികളിലൂടെ അനേകം വ്യക്തികളുടെ വേദനകളും വിഷമങ്ങളും അവതരിപ്പിക്കുന്നു. ഇതുവഴി നിരവധി ജീവിതങ്ങൾക്ക് സാമ്പത്തികസഹായം നേടിക്കൊടുക്കുന്നു. ജീവൻ ടി.വി. ക്ക് ഒരു ജീവകാരുണ്യപദ്ധതി തന്നെയുണ്ട്. ഈ രംഗത്ത് മിക്കവാറും എല്ലാ ചാനലുകളും വ്യത്യസ്ത പരിപാടികളിലൂടെ മനുഷ്യന്റെ കാരുണ്യത്തെ പ്രചോദിപ്പിക്കുന്നു. ഇതെക്കുറിച്ച് വിശദമായി മറ്റൊരു ലക്കത്തിൽ എഴുതാം. നമുക്കുചുറ്റും ഒറ്റപ്പെട്ടും വിഷമിച്ചും കഴിയുന്നവരെ ഇത്തരം പരിപാടികളിലൂടെ പരിചയപ്പെടുത്തുവാൻ നമുക്ക് പരിശ്രമിക്കാം.

മലയാള മനോരമ നമ്മുടെ കുട്ടികളൊരുക്കുന്ന "നന്മയുടെ പൂക്കള"ത്തെക്കുറിച്ച് ചിങ്ങപ്പുലരിയിൽ (ആഗസ്റ്റ് 17-ന്) കാഴ്ചപ്പാട് പേജിൽ മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. കാരുണ്യത്തിന്റെയും പങ്കുവയ്പിന്റെയും നല്ല പാഠങ്ങളാണ് കേരളത്തിലെ നാലായിരത്തിലേറെ സ്കൂളിലെ ലക്ഷക്കണക്കിനു കുട്ടികൾ ചേർന്ന് അവതരിപ്പിക്കുനന്ത്.

'കുട്ടികൾ രചിക്കുന്ന കേരളം' വലിയ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. "നല്ല പാഠം" എന്ന പേരിട്ടിരിക്കുന്ന ഈ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്ന മലയാള മനോരമയെ അഭിനന്ദിക്കുന്നു. ഇത്തരം പദ്ധതികൾ എല്ലാ പ്രസിദ്ധീകരണങ്ങളും ആരംഭിക്കുമെന്ന് ആഗ്രഹിക്കുന്നു.

പ്രതിബദ്ധതയുടെ സാമൂഹിക പാഠങ്ങൾക്ക് മുൻപെന്നത്തേക്കാളും പ്രസക്തി വർധിച്ച സമയമാണിത്. സഹജീവികളോടു സമൂഹത്തോടും ജീവിതത്തിന്റെ ശാശ്വതമൂല്യങ്ങളോടും നേരു കാണിക്കുമെന്ന ഹൃദയപ്രഖ്യാപനങ്ങൾ നന്മയുടെ വിളംബരങ്ങൾ തന്നെ. പുതുതലമുറയിൽ സന്മാർഗ ചിന്തയും മൂല്യബോധവും ധാർമിക ശക്തിയും വളർത്താനുള്ള പരിശ്രമങ്ങൾക്കായി സ്വയം സമർപ്പിച്ച് അഖില കേരള ബാലജനസംഖ്യം "മൂല്യബോധനവർഷം" പ്രഖ്യാപിച്ചിരിക്കുന്നു. കരുണയും നന്മയുമൊക്കെ കുറഞ്ഞുതുടങ്ങുന്ന ഒരു സമൂഹത്തിന് ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾ നൽകുന്ന കൈത്താങ്ങു ചെറുതല്ല. കൊച്ചിയിൽ സ്വാതികൃഷ്ണയെന്ന വിദ്യാർത്ഥിനിയുടെ കരൾമാറ്റൽ ശസ്ത്രക്രിയക്ക് എടുക്കാട്ടു വയൽ ഗ്രാമത്തിന്റെ സാമ്പത്തിക പിന്തുണയും മാധ്യമങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതയും നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞിട്ടില്ല.

രോഗിയായി കിടപ്പിലായവർക്കു വേണ്ടി കുടുക്ക വച്ചു പണം ശേഖരിച്ചു നല്കുന്നവർ,കൂട്ടുകാരിക്കു വീടൊരുക്കാൻ ബലൂൺ വിൽപനയ്ക്കിറങ്ങിയവർ, രക്ഷിതാക്കളെക്കൊണ്ടു രക്തദാനം നടത്തിച്ചവർ, നാട്ടിലും വീട്ടിലും മരം നട്ട് നാട്ടിൽ നന്മ വളർത്തുന്നവർ, നേത്രദാന സമ്മതപത്രം കൊമാറി നാടിന്റെ കണ്ണുതുറപ്പിക്കുന്നവർ, ലഹരി ഉപയോഗത്തിനെതിരെ പോരാട്ടത്തിനിറങ്ങിയവർ, ദുരിതക്കിടക്കയ്ക്കരുകിൽ

# എൽദോസിന്റെ എലിപിടുത്തം

(മാധ്യമവിചാരം തുടർച്ച)




മലയാള മനോരമ 22.07.2012

ഈ വാർത്ത ചിത്രം കണ്ടപ്പോൾ കൗതുകം തോന്നി. നിരവധി നല്ല കർമ്മപദ്ധതികൾ നടത്തി ജനഹൃദയങ്ങളിൽ സ്ഥാനം നേടിയ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൽദോസ് കുന്നപ്പള്ളിയെ എലിപിടുത്ത പദ്ധതിയുടെ ഉദ്ഘാടനത്തിന്റെ പേരിൽ അനുമോദിക്കാനാവില്ല. 'പെൺഭ്രൂണഹത്യയ്ക്കെതിരെ പ്രകാശം പരത്തുന്ന പെൺകുട്ടി' എന്ന പേരിൽ മാതൃകാപരമായി ബോധവത്ക്കരണ പദ്ധതി അദ്ദേഹം നടപ്പാക്കിയിരുന്നു.

എലിനശീകരണ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം തന്റെ ഓഫീസിലെ ഫയലുകൾക്കിടയിൽ എലിശല്യം ഇല്ലാതിരിക്കാൻ വിഷംവയ്ക്കുന്നതാണ് ചിത്രത്തിൽ കണ്ടത്. ജില്ലയിലെ മൂന്നു ലക്ഷം വീടുകളിൽ എലി നശീകരണത്തിനുള്ള വിഷം എത്തിച്ചുകൊടുത്തതായി പത്രവാർത്തയിലുണ്ട്. "മുലയൂട്ടാൻ ഒരുവാരം" ആഘോഷിക്കുന്നതുപോലെ സർക്കാരിന്റെ പണം പിൻവാതിലിലൂടെ ചെലവഴിക്കാൻ എലി നശീകരണ യജ്ഞവും നടക്കട്ടെ.

ഫോട്ടോഗ്രാഫർ പറഞ്ഞതുകൊണ്ട് നിന്നുകൊടുത്തതാണെങ്കിലും ഇത് അത്രനന്നായില്ലെന്ന് പറയാതെ വയ്യ. കോൺഗ്രസിന്റെ യുവജന നേതാവിന്റെ ഓഫീസിലെ ഫയലുകൾക്കിടയിൽ വിഷം നിക്ഷേപിക്കുന്നത് കാണുമ്പോൾ അസ്വസ്ഥത തോന്നുക സ്വാഭാവികം. കുട്ടനാടൻ മേഖലകളിൽ എല്ലാ കർഷകരും ഒരുമിച്ച് പാടശേഖരങ്ങളിൽ ഇറങ്ങി എലിയെ നശിപ്പിക്കുക പതിവാണ്. അവിടെ ജനപ്രതിനിധികൾ എലിയെ ഓടിച്ച് തല്ലികൊല്ലുന്നതിന്റെയും വയൽവരമ്പിലെ മാളത്തിൽ വിഷം തിരുകി ക്കയറ്റുന്നതിന്റെയും വിലകുറഞ്ഞ ഉദ്ഘാടനമോ അതിന്റെ ചിത്രമോ വന്നുകാണാറില്ല.

കൊച്ചിയിൽ കൊതുകു ശല്യം മൂലം ജനങ്ങൾ വിഷമിക്കുന്നു. മേയർ ടോണി ചമ്മിണി കൊതുകിനെ ഓടിച്ചിട്ട് പിടിക്കുന്നതിന്റെയോ കൊന്ന കൊതുകുകളെ നോക്കി പുഞ്ചിരിക്കുന്നതിന്റെയോ അതിന്റെ എണ്ണമെടുക്കുന്നതിന്റെയോ ചിത്രം കാണേണ്ടിവരുമോയെന്നും ഭയക്കുന്നു. പാറ്റാപിടുത്തത്തിന്റെ ഉദ്ഘാടനം ചീഫ് വിപ്പ് പി.സി. ജോർജ്, വി.എസ്. അച്യുതാനന്ദൻ സഖാവോ മന്ത്രി ഗണേശനോ കുഞ്ഞാലിക്കുട്ടിയോ നടത്തിയാൽ അത് എങ്ങനെയിരിക്കുമെന്നും ചിന്തിക്കാൻ കഴിയുന്നില്ല.

പത്രത്തിൽ പടംവരാൻ പല വഴികളുണ്ട്. പത്രവായനക്കാരെല്ലാം വെറും പാറ്റാപിടുത്തക്കാരല്ലന്ന് നമ്മുടെ നേതാക്കൾ ഓർമ്മിക്കണം

രോഗികൾക്കു കൂട്ടിരിക്കുന്നവർ, ആശുപത്രി സന്ദർശിച്ച് പാവപ്പെട്ട രോഗികളെ കണ്ടെത്തി മരുന്നിനു പണം നൽകുന്നവർ, അനാഥാലയത്തിലും ആശുപത്രികളിലും ഭക്ഷണം എത്തിക്കുന്നവർ ഇവരുടെ നന്മയുടെ വലിയൊരു നിശ്ശബ്ദവിപ്ലവത്തെയാണ് ഒരു പേജ് നിറച്ച് മനോരമ ഓണക്കാഴ്ചയായി അവതരിപ്പിച്ചിരിക്കുന്നത്. “ഈ കുട്ടികളുണ്ട് നമുക്ക്” വായിക്കണം. കുട്ടികൾക്ക് കൂട്ടായി മാതാപിതാക്കളും അദ്ധ്യാപകരും അയൽക്കാരും ഉണ്ടാകണം. അങ്ങനെ കാരുണ്യത്തിന്റെ കേരളം പ്രശോഭിക്കണം ജീവിതത്തിന്റെ നല്ല വഴികളിലൂടെ മാത്രം നടക്കാനും ലോകത്തിനു നന്മയുടെ ദീപമാകാനും നമ്മുടെ കുട്ടികൾക്ക് കഴിയട്ടെ.

**സത്യമേവ ജയതേഃ**

# ഓണത്തിനിടയിലെ പൂട്ടുകച്ചവടം

കുര്യാക്കോസ് മുണ്ടാടൻ






കാണം വിറ്റും ഓണം ഉണ്ണണം എന്നതാണ് ചൊല്ല്. ഇന്ന് ഒന്നും വിൽക്കേണ്ട, എല്ലാം കേവലം ഒരു രൂപയ്ക്കു കിട്ടും. അതുകഴിഞ്ഞ് ഇ.എം.ഐയും ഇ.സി.എസ്സും മലയാളിയുടെ കൊലയാളിയാകും എന്നു മാത്രം. എല്ലാ ദിവസവും ഓണമായതിനാൽ പിന്നെ പ്രത്യേക ഓണാഘോഷത്തിന് യാതൊരു ചന്തവുമില്ലാതായിരിക്കുന്നു. ആകപ്പാടെ കോളുള്ളത് ചന്തക്കാർക്കാണ്. ഏതു കാറ്റിലും കോളിലും നാലു പൈസ ഉണ്ടാക്കുന്ന കച്ചവടക്കാർക്കു മാത്രമാണ് ഇന്ന് ഓണത്തിന്റെ ഉത്സവക്കളരി. അത്തപ്പൂവും തൃക്കാക്കരയപ്പനും പൂക്കളവും പായസവും എല്ലാമെല്ലാം റെഡിമെയ്ഡാണ്. നാടൻ ശീലുകളും കളികളുമൊക്കെ എഫ്.എമ്മും ചാനലുകളുമൊക്കെയായി നമ്മുടെ വീട്ടിലെത്തിച്ചോളും.

ഓണത്തപ്പന്റെ തൃപ്തി നീതിപൂർവകമായ സമൂഹസൃഷ്ടിയിലാണല്ലോ. അനീതി തൊട്ടുതീണ്ടാത്ത സ്വപ്നലോകത്തിന്റെ സ്മൃതി. സന്മസ്സുള്ളവർ ഒന്നുപോലെയാകുമ്പോൾ മന്ത്രിമാരും തന്ത്രിമാരും ഇവിടെ പൂജ്യങ്ങളായി തീരും. അക്കത്തിന്റെ ഇടതുവശത്ത് ഒന്നുവീണാൽ മന്ത്രിമാരാകുന്ന പൂജ്യങ്ങൾക്കൊക്കെ നല്ല വിലയല്ലേ. അവരുടെ അഴിമതിയുടെ കണക്കുകൾ കേട്ട് നമുക്കിപ്പോൾ പണ്ടത്തെ പോലെ ഞെട്ടലൊന്നുമില്ലാട്ടോ. 2 ജി സ്പെക്ട്രം മുതലിങ്ങോട്ട് കൽക്കരി ഖനികൾ ലേലമില്ലാതെ തുകയുറപ്പിച്ചതുവരെ ലക്ഷം കോടികളുടെ കണക്കല്ലേ നാം കേൾക്കുന്നത്. ഇന്ത്യയിലെ കോടിക്കണക്കിനു വരുന്ന കുചേലന്മാർക്ക് ഇതൊന്നും കേട്ട് തരിപ്പൊന്നും തോന്നില്ലാട്ടോ. കാരണം അവരിപ്പോഴും ഇതൊന്നും കേട്ടിട്ടും കേൾക്കാതെയും കണ്ടിട്ടും കാണാതെയും കഴിയുന്ന (നിർ)ഭാഗ്യവാന്മാരണട്ടോ.

പാതാളത്തിൽ നിന്നുമെത്തുന്ന ഓണത്തപ്പൻ നാണം മറയ്ക്കാൻ തുണിയില്ലാതെ വിഷമിക്കേണ്ട കാര്യമില്ല. ഈ ഓണത്തിനു കേരളത്തിലങ്ങോളമിങ്ങോളം തുണിക്കടകളുടെ പരസ്യങ്ങൾ കണ്ടു മാവേലി മന്നൻ പാതാളത്തിലേയ്ക്കും സ്റ്റൈലൻ ഡ്രെസ്സുകൾ വാങ്ങിക്കൊണ്ടു പോകാൻ മോഹിച്ചു പോകും. പക്ഷേ മന്നനു ക്രെഡിറ്റ് കാർഡോ, വേണ്ട ഒരു ഡെബിറ്റ് കാർഡെങ്കിലും വേണം. എന്തിനാണ് മലയാളി തുണികൾക്കും ആഭരണങ്ങൾക്കും ഇത്രമാത്രം ആർത്തി കാണിക്കുന്നതെന്നു മാത്രം മാവേലി ചോദിക്കരുത്. സ്വർണത്തിന് അടിക്കടി വില കൂടിയിട്ടും കേരളീയർക്ക് ഇഷ്ടം ഇന്നും സ്വർണം തന്നെയാണേ. കേരളത്തിൽ അരിക്കും പച്ചക്കറികൾക്കും ക്ഷാമമുണ്ടായാലും, വസ്ത്രത്തിനും ആഭരണത്തിനും യാതൊരു പഞ്ഞവും ഉണ്ടാകില്ല.

കള്ളവും ചതിയുമില്ലാത്ത പൊള്ളത്തരങ്ങൾ ഒന്നുമില്ലാത്ത നാടിനെയല്ലേ മാവേലി ഇവിടെ പ്രതിഷ്ഠിച്ചത്. ആ പ്രതിഷ്ഠ തന്നെ ആരോ കട്ടോണ്ടു പോയിട്ടോ തമ്പുരാനേ. ഇവിടെ കള്ളത്തരത്തിനും പൊള്ളത്തരത്തിനുമാണ് ഇന്നു ഏറ്റവും കൂടുതൽ മാർക്കറ്റിംഗ്. ഇന്നു നാടു ഭരിക്കുന്നവരൊക്കെ നുണകളെയിട്ടു പെരുപ്പിച്ചാണ് കാലം കഴിക്കുന്നത്. നോക്കിക്കേ മുഖ്യമന്ത്രിയെ ചവിട്ടിതാഴ്ത്താൻ വന്ന രാഷ്ട്രീയ വാമനനെ . നെല്ലിയാമ്പതി എസ്റ്റേറ്റിന്റെ പരിസരത്തുകൂടി ഹലോ.. മാവേലി, നടക്കരുതേ. ഭരിക്കുന്ന സർക്കാരും കുറുമുന്നണിയും വിപ്പ് മൂപ്പനുമെല്ലാം ആനകളെ പിടിക്കാൻ ഒരുക്കിയ വാരിക്കുഴിയിൽ വീഴാൻ സാധ്യതയുണ്ടേ. ഇപ്പോ വീണാൽ ആരും സഹായത്തിനെത്തുകില്ലാട്ടോ.

മാവേലി കോതമംഗലത്ത് പോയോ? അവിടെ നേഴ്സുമാർ മാനേജ്മെന്റിനെയും ഭരിക്കുന്ന സർക്കാരിനെയും വളരെ എളുപ്പത്തിൽ ‘ക്ഷ’ വരപ്പിച്ചൂട്ടോ. പെൺകുട്ടികൾ ആശുപത്രി കെട്ടിടത്തിന്റെ മുകളിൽ കയറി താഴേയ്ക്കു ചാടുമെന്നായപ്പോഴാണ് സ്ഥലം എം.എൽ.എയും കൂട്ടരും ഉറക്കമുണർന്നത്. കുട്ടികൾ ചാടിയില്ലെങ്കിലും സമരം മുതലെടുത്ത് പൊതുമുതൽ നശിപ്പിച്ച സാമൂഹിക വിരുദ്ധരെ ടെലിവിഷന്റെ സഹായത്തോടെ പിടിച്ച് ജയിലിലാക്കി. എന്തുകൊണ്ടാണ് കോതമംഗലത്തെ പ്രക്ഷോഭത്തിൽ മാത്രം പൊലിസ് മാധ്യമക്കാർ പകർത്തിയ ചിത്രങ്ങൾ പരിശോധിച്ചതെന്നറിയില്ല. വാസ്തവത്തിൽ കേരളത്തിലെ പല തെരുവു സമരങ്ങളിലും സാമൂഹിക വിരുദ്ധരുടെ അഴിഞ്ഞാട്ടമുണ്ടായിട്ടും ഇത്തരത്തിലുള്ള നടപടി എടുത്തിട്ടില്ല. ഇവിടെ ഭരിക്കുന്നവരുടെ നേരെ കൈയോങ്ങിയതിന്റെ ചൊരുക്കായിരിക്കാം. എന്തായാലും ഈ നടപടി ഇനി തുടർന്നാൽ പൊതു സമരമുറകളിലെ നശീകരണ പ്രക്രിയയെ അല്പമെങ്കിലും തടയാൻ സാധിക്കുമായിരിക്കാം. കോതമംഗലം കേസ് സ്ഥലം എം.എൽ.എയുടെയും മുഖ്യമന്ത്രിയുടെയും ഭരിക്കുന്ന പാർട്ടിയുടെയും തൊലിയിൽ സ്പർശിച്ചതുകൊണ്ടുമാകാം ഇത്തരം പുതിയ ചില പരീക്ഷണങ്ങൾ. പൊതു ജനത്തെ കഴുതയാക്കലല്ലേ ഇവിടുത്തെ പാർട്ടിക്കാരുടെ സുഖം.

മാവേലി നാട്ടിലെ ഇന്നത്തെ ജനപ്രതിനിധികളെ ഇങ്ങനെ കള്ളന്മാരും പോക്കിരികളുമാക്കുന്നതു ആരാണെന്ന് മാവേലിക്കറിയാമോ?. കള്ളത്തരം എള്ളോളമില്ലാത്ത ഇവിടത്തെ സാധാരണ ജനങ്ങൾ തന്നെയാണേ. ഇവിടത്തെ ജനപ്രതിനിധികൾ അസംബ്ളിയിൽ പോയില്ലെങ്കിലും തങ്ങളുടെ ഉത്തരവാദിത്വം ഒന്നും നിറവേറ്റിയില്ലെങ്കിലും സാധാരണ അവർ മുടക്കാത്ത ഒരു പാരമ്പര്യം ഉണ്ട്. അവരുടെ മണ്ഡലത്തിലെ മരണം, കല്യാണം, ജൂബിലി തുടങ്ങിയവ നടക്കുന്ന വീടുകളിൽ എങ്ങനെയെങ്കിലും അവർ ഓടിയെത്തി കൈകൂപ്പി എല്ലാവരെയും തൊഴുത് അവരുടെ സാന്നിധ്യം അറിയിക്കും. പൊങ്ങച്ചക്കാരായ സമ്മതിദായകരെ പറ്റിക്കാനുള്ള ഒരു ചെറിയ പുഞ്ചിരിയും അവരുടെ മുഖത്തുണ്ടാകും. വീട്ടുകാരുടെ സന്തോഷത്തിന്റെ അടിസ്ഥാനം, ഇനി നാലു പേരോട് പറയാമല്ലോ എന്റെ വീട്ടിലും വന്നല്ലോ എം.എൽ.എ സാർ എന്ന്.

വാസ്തവത്തിൽ ഇത്തരം കോമാളിത്തരങ്ങൾക്കല്ല ജനപ്രതിനിധിയുടെ സമയം. ജനങ്ങളുടെയും നാടിന്റെയും ക്ഷേമത്തിനായി ചെയ്യേണ്ട പല കാര്യങ്ങളും ചെയ്യാതെ ജനങ്ങളെ വഞ്ചിച്ച് അഴിമതിയും ആക്രാന്തവും കാണിക്കുകയാണ് ഇവരുടെ മുഖ്യതൊഴിൽ. ഇതിനു വളം വച്ചു കൊടുക്കുന്നത് കേരളീയരുടെ കാപട്യവും പൊള്ളത്തരവുമാണ്. ജനപ്രതിനിധികൾ ചെയ്യേണ്ടഉത്തരവാദിത്വങ്ങൾ ചെയ്തില്ലെങ്കിൽ അവരെ പരാജയത്തിന്റെ പാതാളത്തിലേയ്ക്കു ചവിട്ടി താഴ്ത്താൻ ഇവിടുത്തെ ജനങ്ങൾ പ്രാപ്തരായാൽ ജനാധിപത്യത്തിന്റെ യഥാർത്ഥ ഫലം അനുഭവിക്കാൻ നമുക്കാകും. ജനപ്രതിനിധികളെ ജനങ്ങളല്ല പേടിക്കേണ്ടത്. ജനങ്ങളെ ജനപ്രതിനിധികളാണ് ഭയപ്പെടേണ്ടത്.

ഈയിടെ വെളിപ്പെടുത്തിയ ചില കണക്കുകളും മാവേലി ശ്രദ്ധിക്കുന്നതു നല്ലതായിരിക്കും. ജാതിമതവ്യത്യാസമില്ലാതെ സമത്വത്തിലും സാമാധനത്തിലും കേരളത്തെ ഭരിച്ചിട്ട് അവസാനം അങ്ങേയ്ക്കു കിട്ടിയത് പാതാളമല്ലേ. ഇവിടെ ഓരോ അഞ്ചുവർഷവും ഭരണം കിട്ടുമ്പോൾ ഭരിക്കുന്ന പാർട്ടി ഉണ്ടാക്കുന്ന പണത്തിനു വല്ല കണക്കും ഉണ്ടോ. ഭരണപക്ഷവും പ്രതിപക്ഷവുമെല്ലാം ധാരാളം പണം വാരിക്കൂട്ടുന്നു. ഇവർക്ക് എവിടെ നിന്നാണ് കോടികളുടെ ആസ്തി ഉണ്ടാകുന്നതെന്നു ആർക്കാണ് അറിയാൻ പാടില്ലാത്തത്. അരുതാത്ത പലതിനും ഒത്താശ ചെയ്തു കൊടുത്താൽ പാർട്ടിക്കും വ്യക്തിക്കും കൈനിറയെ വാരികൊടുക്കുന്ന ബിസ്സിനസ്സുകാരും തല്പരകക്ഷികളും നമ്മുടെ ഇടയിലുണ്ടല്ലോ. വർഷങ്ങൾക്കുമുമ്പേ സത്യത്തിനും ധർമത്തിനും വേണ്ടിയാണ് വാമനന്റെ മുമ്പിൽ ശിരസ്സു നമിക്കേണ്ടി വന്നതെങ്കിൽ ഇന്നത്തെ മാവേലിമാരും മന്ത്രി മന്നൻമാരും പൈസയുള്ളവരുടെ മുമ്പിൽ ഒച്ഛാനിച്ചു നിന്നു കളയും. അവരെ പാതാളത്തിലേയ്ക്കല്ല നരകത്തിലേയ്ക്കു ചവിട്ടി താഴ്ത്തിയാലും പ്രശ്നമല്ല. അവർക്ക് ഉറപ്പുണ്ട് അടുത്ത ഇലക്ഷനും ജനം അവരെത്തന്നെ ജയിപ്പിക്കും.

***വിരാമ തിലകം:** അലക്സാണ്ടർ ചക്രവർത്തിയുടെ കിങ്കരമാർ ഒരു കള്ളനെ പിടിച്ചു ചക്രവർത്തിയുടെ മുമ്പിലെത്തിച്ചു. അയാൾക്ക് വധശിക്ഷയാണ് അദ്ദേഹം വിധിച്ചത്. ഇതുകേട്ട കുറ്റവാളി വിളിച്ചുപറഞ്ഞു, എന്നേക്കാൾ കൂടുതൽ പിടിച്ചുപറി നടത്തുന്ന അങ്ങയെയാണ് ആദ്യം വധിക്കേണ്ടത്. ഞാൻ മറ്റുള്ളവരുടെ വസ്തുക്കളേ കട്ടെടുക്കുന്നുള്ളു. പക്ഷേ, അങ്ങ് അവരുടെ സമ്രാജ്യവും സംസ്കാരവുമാണ് വെട്ടിപ്പിടിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ തിരുവായക്ക് എതിർ വാ ഇല്ലല്ലോ.*

# വികസനം സന്തുലിതമാവണം

## മാർ തോമസ് ചക്യത്ത്



**വി**കസനം എപ്പോഴും സന്തുലിതമാവണമെന്നു എറണാകുളം-അങ്കമാലി അതിരൂപത സഹായ മെത്രാനും കെ.സി.ബി.സി ഐക്യ ജാഗ്രതാ കമ്മീഷൻ ചെയർമാനുമായ മാർ തോമസ് ചക്യത്ത്. ഐക്യ ജാഗ്രതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ. പി.ഒ.സിയിൽ നടന്ന സാമൂഹിക സമ്പർക്ക മാധ്യമാവബോധ സിമ്പോസിയം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വികസനത്തിൽ ഏകപക്ഷീയമായ ശൈലി കടന്നുവരുന്നതു സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കും. എല്ലാവരെയും അംഗീകരിക്കുന്ന വിശാല മനോഭാവം ഓരോ വ്യക്തിയും പ്രസ്ഥാനങ്ങളും രൂപപ്പെടുത്തണം.

മതം, കുടുംബം, സമുദായം എന്നിവയുടെ അടിസ്ഥാനത്തിൽ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതു അനീതിയാണ്. പൊതുനന്മ ലക്ഷ്യമാക്കിയുള്ള നിരവധി പദ്ധതികളും സ്ഥാപനങ്ങളും സഭയ്ക്കുണ്ട്. ഈ ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കേണ്ടതു സഭയുടേയോ സ്ഥാപനങ്ങൾ നടത്തുന്നവരുടേയോ മാത്രം ഉത്തരവാദിത്തമല്ല, സാമൂഹിക പ്രവർത്തകർക്കും പൊതുജനങ്ങൾക്കും ഇതിൽ ധാർമികമായ ചുമതലയുണ്ട്. മതസൗഹാർദം നഷ്ടപ്പെടാത്ത തരത്തിൽ നമ്മുടെ സാമൂഹ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും ഇതിൽ ധാർമികമായ ചുമതലയുണ്ട്. മതസൗഹാർദം നഷ്ടപ്പെടാത്ത തരത്തിൽ നമ്മുടെ സാമൂഹ്യവ്യവസ്ഥിതി സംരക്ഷിപ്പെടേണ്ടതുണ്ടെന്നും മാർ ചക്യത്ത് ഓർമിപ്പിച്ചു.

കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ.സ്റ്റീഫൻ ആലത്തറ അനുഗ്രഹപ്രഭാഷണവും മനോരമ ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസ് മുഖ്യപ്രഭാഷണവും നടത്തി. റവ.ഡോ.പോൾ തേലക്കാട്ട് (സത്യദീപം), ദീപിക അസോസിയേറ്റ് എഡിറ്റർ ടി.സി. മാത്യു, മാതൃഭൂമി ചീഫ് സബ് എഡിറ്റർ ജിജോ സിറിയക് എന്നിവർ പങ്കെടുത്തു.

ഐക്യ ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ.ജോസി പൊന്നമ്പൽ, മാധ്യമ കമ്മീഷൻ സെക്രട്ടറി ഫാ. ജോസഫ് നിക്കോളാസ്, സാബു ജോസ്, ജീസസ് ഫ്രട്ടേണിറ്റി ഡയറക്ടർ ഫാ. യേശുദാസ് കൊടിവീട്ടിൽ എന്നിവർ പ്രസംഗിച്ചു. ഫാ.ജോളി വടക്കൻ മോഡറേറ്റയായിരുന്നു.

രൂപതാ,മേഖലാതല റിപ്പോർട്ടിംഗ്, ഗ്രൂപ്പ് ചർച്ച, പ്രവർത്തനപദ്ധതി രൂപീകരണം എന്നിവയുണ്ടായിരുന്നു.















